KOTTAYAM PUBLIC LIBRARY

Call No. M൩൩൦ Acc. No. [illegible]

Author [illegible]

Title ഇന്ത്യയുടെ സാമ്പത്തിക [illegible]

1053

No. 3054.

# ഇന്ത്യയുടെ
# സാമ്പത്തികപ്രശ്നം

KOTTAYAM PUBLIC LIBRARY

ഗ്രന്ഥകർത്താ:

കെ. ദാമോദരൻ.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

വില 1ക.

ഒന്നാം പതിപ്പ്:
കോപ്പി 1000

1123
മിഥുനം

M 380

വടക്കാഞ്ചേരി
**അരുണോദയം പ്രസ്സിൽ**
അച്ചടിച്ചതു്.

# ഇന്ത്യയുടെ
# സാമ്പത്തികപ്രശ്നം

## വിഷയവിവരം

1 ബ്രിട്ടീഷുമുതലാളികളുടെ മേധാവിത്വം

2 വ്യവസായങ്ങളുടെ കേന്ദ്രീകരണം

3 കുത്തകബേങ്കുകളും വ്യവസായങ്ങളും

4 മൂർച്ഛിച്ചുവരുന്ന സാമ്പത്തികക്കുഴപ്പം

5 ഇന്ത്യയിലെ തൊഴിലാളിപ്രശ്നം

6 കാർഷികപ്രശ്നവും, ഭക്ഷണക്കുഴപ്പവും

7 ഇന്ത്യാഗവർമ്മേണ്ടിന്റെ സാമ്പത്തികനയം

8 കോൺഗ്രസ്സിന്റെ സാമ്പത്തികപരിപാടി

9 സാമ്പത്തികാഭിവൃദ്ധിയ്ക്കുള്ള വഴി

## 1. ബ്രിട്ടീഷ് മുതലാളികളുടെ മേധാവിത്വം

ഇരുനൂറുകൊല്ലത്തെ ബ്രിട്ടീഷുഭരണത്തിൻെറ ഫലമായി ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയാകെ താറുമാറായിക്കിടക്കുകയാണ്. നമ്മുടെ വ്യവസായങ്ങൾ ഇന്നും പിന്നണിയിലാണ്. യുദ്ധകാലത്തുപോലും മൌലികവ്യവസായങ്ങൾ സ്ഥാപിക്കാനും വളർത്താനുമുള്ള യാതൊരു പദ്ധതിയും നടപ്പിൽ വരുത്തുകയുണ്ടായില്ല. എഴുപത്തഞ്ചുശതമാനത്തിലധികം ജനങ്ങൾ തങ്ങളുടെ ജീവിതനിർവ്വഹണത്തിന്ന് ഇന്നും പ്രാകൃതമായ കൃഷിയെയാണാശ്രയിക്കുന്നത്. വ്യാവസായികോല്പാദനമെന്നപോലെ കാർഷികോല്പാദനവും കൊല്ലംതോറും അധികമധികം അധഃപതിച്ചുവരികയാണ്.

വിചിത്രവും പക്ഷേ ദുസ്സഹവുമായ ഒരു യാഥാർത്ഥ്യമാണിത്: പ്രകൃതിവിഭവങ്ങൾ സമൃദ്ധമായും സുലഭമായുമു

ണ്ടെങ്കിലും നമ്മുടെ ജനങ്ങൾ ഏററവും പാപ്പരായ ഒരു ജീവിതം നയിക്കാൻ നിർബ്ബന്ധിതരായിത്തീന്നിരിക്കുന്നു!

വ്യാവസായികവും, കാഷികവുമായ നമ്മുടെ ജീവിതമാകെ ബ്രിട്ടീഷുമുതലാളികൾക്കും, അവരുമായി കൂട്ടുകൂടിയിട്ടുള്ള നാടൻ മുതലാളികൾക്കും അവരെ ആശ്രയിച്ചു ജീവിക്കുന്ന ക്രൂററൻ ജന്മികൾക്കും അടിമപ്പെട്ടുകിടക്കുന്നതിനാലാണ് ഈ ദുസ്ഥിതി വന്നുചേന്നിട്ടുള്ളതെന്ന് ധനശാസ്ത്രജ്ഞന്മാരും രാഷ്ട്രീയപ്രക്ഷോഭകന്മാരും പലവുരു വ്യക്തമാക്കിയിട്ടുണ്ട്.

പണ്ഡിററ് നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ സ്ഥാപിതമായ ദേശീയപ്ലാനിങ്ങ്കമ്മിററിയുടെ ഒരു പ്രമേയത്തിൽ പറയുന്നു:

“ബ്രിട്ടീഷ്ഭരണം സ്ഥാപിച്ചതിന്നുശേഷം ഇന്ത്യയിലെ കാഷികവും വൈയവസായികവും ഖനികളെസ്സംബന്ധിക്കുന്നതുമായ എല്ലാ സ്ഥാപനങ്ങളിലും ബ്രിട്ടീഷ്മൂലധനം ഇറക്കിയിട്ടുള്ളതിൻെറ ഫലം ഇന്ത്യയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതത്തിൻെറ മേൽ വിദേശതാല്പയ്യങ്ങൾ നിയന്ത്രണം ചെലുത്തുന്നുവെന്നതാണ്. ഇതു് ഇന്ത്യയുടെ ദേശീയാഭിവൃദ്ധിക്കു കോട്ടവും ഹാനിയും വരുത്തിവെയ്ക്കുകയാണു ചെയ്തിട്ടുള്ളതു്.”

## ഇന്ത്യയിലെ ബ്രിട്ടീഷ്മൂലധനം

1911-ൽ വിദേശങ്ങളിലൊട്ടാകെ നിക്ഷേപിച്ച ബ്രി

ട്ടീഷ് മൂലധനത്തിൻെറ 11 ശതമാനം മാത്രമേ ഇന്ത്യയിലു ണ്ടായിരുന്നുള്ളു. 1933-ൽ അതു് 25 ശതമാനമായി വ ൎദ്ധിച്ചു.

യുദ്ധകാലത്തു് മററു രാജ്യങ്ങളിലുണ്ടായിരുന്ന ബ്രിട്ടീഷ്മൂലധനം മിക്കതും വിററഴിക്കാൻ അവർ നിർബ്ബദ്ധരായി. എന്നാൽ ഇന്ത്യയിൽ അവൎക്കുള്ള മൂലധനം—ഇന്ത്യൻ ചേമ്പർ ഓഫ് കമേർസിൻെറ കണക്കുപ്രകാരം സുമാർ 100 കോടി പവൻ—ഇന്നും കേടുപാടുകൂടാതെ നിലനില്ക്കുന്നുണ്ടു്. ഈ മൂലധനത്തിൽനിന്നുള്ള ലാഭമെന്ന നിലക്കും പഴയ ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ പെൻഷനും മററുവഴിക്കും കൊല്ലംതോറും 15 കോടി പവൻ—200 കോടി ഉറുപ്പികയിലധികം വിലപ്പിടിച്ച ചരക്കുകൾ—ഇന്ത്യയിൽനിന്നു കയററി അയക്കപ്പെടുന്നു. (ഷാ, ഖാംബാടാ എന്നീ ധനശാസ്ത്രജ്ഞന്മാരുടെ കണക്കു്) ഈ സംഖ്യ നമ്മുടെ ഒട്ടാകെയുള്ള ദേശീയവരുമാനത്തിൻെറ 10 ശതമാനത്തോളമുണ്ടാകും.

ഇന്ത്യയിലെ വ്യവസായം, ബാങ്കുകൾ, എക്സ്ചേഞ്ച്, ഇൻഷുറൻസ്, കപ്പൽഗതാഗതം, ചായ, റബ്ബർ, കാപ്പി, ചണ, വിദ്യുച്ഛക്തി, ഖനികൾ, എണ്ണ, കല്ക്കരി—എല്ലാം ബ്രിട്ടീഷ്മുതലാളികളുടെ നിയന്ത്രണത്തിലാണു്. അലൂമിനീയം, അഭ്രം തുടങ്ങിയ തന്ത്രപ്രാധാന്യമുള്ള ലോഹങ്ങളും അവരുടെ പിടിയിലാണു്. എന്തിനു്, നമ്മുടെ തുണിവ്യവസായത്തിൻെറപോലും ഗണ്യമായ ഒരു ഭാഗം അവരുടെ നിയന്ത്രണത്തിലാണു്.

## "ഇന്ത്യാ ലിമിററഡ്"

1929—33ലെ സാമ്പത്തികകുഴപ്പക്കാലത്തു് വിദേശീയമുതലാളികളുടെ ആക്രമണങ്ങളിൽനിന്ന് ഇന്ത്യൻവ്യവസായങ്ങളെ രക്ഷിക്കാൻവേണ്ടി ചില സംരക്ഷണച്ചുങ്കങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ, ഈ ചുങ്കങ്ങൾകൊണ്ടു് ബ്രിട്ടീഷ്മൂലധനത്തിന്ന് ദോഷത്തേക്കാളധികം ഗുണമാണുണ്ടായതു്. ഇമ്പീരിയൽ കെമിക്കൽസ്, ലിവർ ബ്രദേർസ്, ഡൺലപ്പ്, അലൂമിനിയം കോർപ്പറേഷൻ മുതലായ ബ്രിട്ടീഷ്കുത്തകക്കമ്പനികൾ "ഇന്ത്യാ ലിമിററഡ്" എന്ന ലേബലൊട്ടിച്ചു് ഇവിടെത്തന്നെ താവളമുറപ്പിച്ചു. നാലുകൊല്ലത്തിനുള്ളിൽ ഇത്തരം നൂറോളം "ഇന്ത്യാ ലിമിററഡുകൾ" സ്ഥാപിതമായെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വലിയ വലിയ മൂലധനങ്ങളോടുകൂടിയ ഈ കൂററൻ കുത്തകക്കമ്പനികൾ ഒരുഭാഗത്തു് സംരക്ഷണച്ചുങ്കത്തിൻെറ മറവിൽനിന്നുകൊണ്ടു് അമേരിക്ക, ജർമ്മനി, ജപ്പാൻ മുതലായ രാജ്യങ്ങളുമായി മത്സരിച്ചുവെങ്കിൽ മറുഭാഗത്തു് ചെറിയ മൂലധനമുള്ള ഇന്ത്യൻകമ്പനികളെയെല്ലാം കീഴടക്കി ഭരിക്കാൻ തുടങ്ങി. സാമ്രാജ്യഭരണത്തിൻെറ തണലിൽ ഉറച്ചുനിന്നുകൊണ്ടു് ഈ ബ്രിട്ടീഷ്കുത്തകക്കാർ ഇന്ത്യയുടെ വ്യവസായപുരോഗതിയെ ബലാൽക്കാരമായി തടഞ്ഞുനിർത്തി.

## യുദ്ധകാലത്തെ ചൂഷണം

യുദ്ധകാലത്തുംപോലും ഇന്ത്യയുടെ മൌലികവ്യവസായ

ങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയുണ്ടായില്ല. രാജ്യരക്ഷയ്ക്കത്യാവശ്യമായ വ്യവസായങ്ങൾപോലും വളർത്തുകയുണ്ടായില്ല. ബ്രിട്ടീഷ്കാരുടെ ചരക്കുകൾ വിററഴിക്കാനും മൂലധനമിറക്കാനും അസംസ്കൃതസാമഗ്രികൾ വാരിക്കൊണ്ടുപോകാനും വേണ്ടി ഇന്ത്യയെ എന്നെന്നും അധഃപതനത്തിലാഴ്ത്തിവെക്കുകയെന്ന ബ്രിട്ടീഷ്നയത്തിന്നു യാതൊരു മാററവുമുണ്ടായില്ല.

വാസ്തവത്തിൽ, യുദ്ധകാലത്ത് ബ്രിട്ടീഷ്മുതലാളികളുടെ ചൂഷണം പതിന്മടങ്ങു വർദ്ധിക്കുകയാണുണ്ടായത്. ഇന്ത്യക്കാർ പട്ടിണിയിലും ക്ഷാമത്തിലും കിടന്നു നരകിച്ചുകൊണ്ടിരുന്ന ആ ഘട്ടത്തിൽ ഇവിടെ അത്യാവശ്യമായ എത്രയോ സാമഗ്രികൾ അവർ തട്ടിക്കൊണ്ടുപോയി. അവയുടെ വിലയെല്ലാം 'സ്റ്റർലിങ്ങുകട'മെന്ന പേരിൽ കണക്കു പിടിക്കുകമാത്രമാണ് ചെയ്തത്. ഈ വകയിൽ 1500 കോടിയോളം ഉറുപ്പിക ബ്രിട്ടനിൽനിന്നു നമുക്കു കിട്ടാനുണ്ട്. ഈ പകൽക്കൊള്ളയുടെ ഫലമായിട്ടാണ് ഇന്ത്യയിലെങ്ങും കരിഞ്ചന്തയും ക്ഷാമവും കൊടുമ്പിരിക്കൊള്ളാൻ തുടങ്ങിയത്. ബ്രിട്ടീഷ്കാരെ സഹായിച്ചും അവരുടെ കൺട്രാക്റ്റുപണിയെടുത്തും കരിഞ്ചന്ത നടത്തിയും നാട്ടുകാരെ ചൂഷണം ചെയ്യാനൊരുങ്ങിയ ഒരുപിടി "ഭാഗ്യവാന്മാരായ ഇന്ത്യക്കാർക്ക്" പിടിപ്പതു പണമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതു ശരിയാണ്. പക്ഷേ, ഭൂരിപക്ഷക്കാരെസ്സംബന്ധിച്ചേടത്തോളം വമ്പിച്ച സാമ്പത്തികത്തകർച്ചയാണുണ്ടായത്.

## ബ്രിട്ടീഷ്കാരുടെ സാമ്പത്തികചൂഷണം അവസാനിച്ചിട്ടില്ല

ആഗസ്റ്റ് 15-ാംനു-യോടുകൂടിയുണ്ടായ രാഷ്ട്രീയപരിവർത്തനങ്ങൾക്ക് നമ്മുടെ സാമ്പത്തികജീവിതത്തിൽ പതിഞ്ഞിട്ടുള്ള ബ്രിട്ടീഷ്മുതലാളികളുടെ നഖങ്ങളെ പിഴുതെടുക്കാൻ കഴിഞ്ഞിട്ടില്ല. രാഷ്ട്രീയപരിവർത്തനങ്ങളുടെ മറവിൽനിന്നുകൊണ്ട് ബ്രിട്ടീഷ്കുത്തകമുതലാളികൾ തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളെ നിലനിർത്താൻതന്നെയാണ് ശ്രമിക്കുന്നത്. "ബ്രിട്ടൻ ഇന്ത്യയിലിറക്കിയിട്ടുള്ള മൂലധനത്തിൻെറ പ്രധാനഭാഗം ഇന്നും യാതൊരു കേടുപാടുംകൂടാതെ നിലനില്ക്കുന്നുണ്ട്" എന്ന് ലണ്ടനിലെ "ഫിനാൻഷ്യൽ ടൈംസ്" എന്ന പത്രത്തിൽ ടൈസ്സൻ എന്ന ബ്രിട്ടീഷ്മുതലാളി ഇയ്യിടെയാണ പ്രഖ്യാപിച്ചത്.

1940-ൽ ദേശീയപ്ലാനിങ്കമ്മിററിയുടെ ഒരു യോഗത്തെ അഭിമുഖീകരിച്ചുകൊണ്ട് പണ്ഡിററ് നെഹറു പ്രസ്താവിക്കുകയുണ്ടായി:

"രാഷ്ട്രീയമേധാവിത്വം നമുക്ക നേരിട്ടുകാണാൻ കഴിയും. എന്നാൽ, അതിനേക്കാൾ എത്രയോ നാശകരവും അപായകരവുമാണ് സാമ്പത്തികമായ മേധാവിത്വം. രാഷ്ട്രീയമേധാവിത്വം ജനങ്ങളുടെ ദൃഷ്ടിയിൽപ്പെടുന്നതുകൊണ്ട് അവർ അതിന്നെതിരായി പൊരുതുന്നു. എന്നാൽ, ദേശീയജീവിതത്തെ വീർപ്പുമുട്ടിക്കുകയും വ്യാവസായികവളർച്ചയെ

തടയുകയും ചെയ്യുന്ന കെണിയെപ്പററി ജനങ്ങൾ അത്ര ശ്രദ്ധിക്കാറില്ല."

നാട്ടുകാരുടെ കൂടിക്കൂടിവന്ന രാഷ്ട്രീയബോധവും തുടരെത്തുടരെയുണ്ടായ പ്രക്ഷോഭങ്ങളും ലോകത്തെയാകെ അമ്പരമ്പിച്ച ത്യാഗമോഹനങ്ങളായ സമരങ്ങളും ബ്രിട്ടൻെറ രാഷ്ട്രീയമേധാവിത്വത്തെ ക്ഷീണിപ്പിച്ചുവെന്നു തീച്ചയാണ്. അതുകൊണ്ടാണല്ലോ രാഷ്ട്രീയാധികാരത്തിൽ ഇന്ത്യയുടെ ദേശീയനേതാക്കന്മാക്കൂടി പങ്കുനല്കുവാൻ അവർ തയ്യാറായത്. പക്ഷേ, ഇതിൻെറ അത്ഥം സാമ്പത്തികചൂഷണം അവസാനിച്ചുവെന്നല്ല, നേരെമറിച്ച്, രാഷ്ട്രീയമായ ഭരണക്രമത്തിൽ ദേശീയനേതാക്കന്മാക്ക സ്ഥാനമനുവദിക്കുന്നതോടൊപ്പം സാമ്പത്തികജീവിതത്തിൻെറ മേലുള്ള പിടി കൂടുതൽ മുറുക്കാനാണ് അവരൊരുങ്ങിയിട്ടുള്ളതു്. അതാണ് ഇന്ത്യയിലെ പിന്തിരിപ്പന്മാരായ കൂററൻ മുതലാളികളുമായി അവരേപ്പെട്ടിട്ടുള്ള കൂട്ടുകെട്ടുകളുടെ അത്ഥം. അതാണ് ബ്രിട്ടീഷ്മൂലധനത്തെ സംരക്ഷിക്കാനുള്ള വ്യവസ്ഥകളടങ്ങുന്ന ഒരു സഖ്യത്തിലേയ്ക്കു് അവർ ഇന്ത്യാഗവമ്മേണ്ടിനെ പിടിച്ചുവലിക്കുന്നതിൻെറ അത്ഥം.

ബ്രിട്ടീഷ്മുതലാളികളുടെ ഈ ഗൂഢാലോചന പൊളിച്ച് അവരുടെ സ്വത്തുക്കളെല്ലാം കണ്ടുകെട്ടാനും തികച്ചും ജനാധിപത്യപരമായ ഒരടിസ്ഥാനത്തിൽ ഇന്ത്യയുടെ ഉൽപ്പാദനവ്യവസ്ഥയെയാകെ പുനരുദ്ധരിക്കാനും ഒരുങ്ങാത്തേടത്തോളംകാലം ബ്രിട്ടീഷ്ഭരണംകൊണ്ടുണ്ടായ കെടുതികൾ തീക്കാനാവട്ടെ, നാട്ടുകാരുടെ സാമ്പത്തികജീവിതത്തെ ഉയക്ത്തുവാനാവട്ടെ, സാധിക്കുകയില്ല.

## 2. വ്യവസായങ്ങളുടെ കേന്ദ്രീകരണം

നമ്മുടെ വ്യവസായങ്ങൾ ഇന്നും വളരെ പിന്നണിയിലാണെന്നും യുദ്ധകാലത്തുപോലും മൌലികവ്യവസായങ്ങളെ സ്ഥാപിയ്ക്കാനും വളൎത്താനുമുള്ള യാതൊരു പദ്ധതിയും നടപ്പിൽ വരുത്തപ്പെടുകയുണ്ടായില്ലെന്നും പറഞ്ഞുവല്ലോ. പക്ഷേ, വ്യവസായങ്ങൾ വേണ്ടത്ര വളൎന്നുകഴിഞ്ഞിട്ടില്ലെങ്കിലും ഉള്ളതത്രയും ഒരുപിടി മുതലാളികൾ കയ്യടക്കി വെച്ചിരിയ്ക്കയാണ്. ഇന്ത്യയിലെ മൂലധനമാകെ ചുരുക്കം കൈകളിലേയ്ക്കു കേന്ദ്രീകരിയ്ക്കപ്പെട്ടുവരികയാണ്.

### കൂററൻ കമ്പനികളുടെ ആവിർഭാവം

ഈ കേന്ദ്രീകരണം രണ്ടാംലോകമഹായുദ്ധത്തിന്നുമുമ്പുതന്നെ വെളിപ്പെടാൻ തുടങ്ങിയിരുന്നു. യുദ്ധകാലമായപ്പോഴേയ്ക്കും അതു കൂടുതൽ ഉറയ്ക്കാൻ തുടങ്ങുകയും ചെയ്തു.

ഉദാഹരണത്തിന്ന് 1936-ൽ 20മുതൽ 500വരെ തൊഴിലാളികളുള്ള 7741 ചെറിയ ഫാക്ടറികളിലായി ആകെ 6,21,000 തൊഴിലാളികളാണുണ്ടായിരുന്നത്. 2000മുതൽ 10,000വരെ ജോലിക്കാർ പ്രവൎത്തിയ്ക്കുന്ന

199 വലിയ കമ്പനികളിൽ ആകെയുണ്ടായിരുന്നതു് 6,46,000 തൊഴിലാളികളാണു്.

1941-ൽ ചെറിയ ഫാക്ടറികളുടെ എണ്ണം 9276 ഉം അവയിലാകെയുള്ള പ്രവൃത്തിക്കാരുടെ എണ്ണം 7,38,000 ഉം ആയിവർദ്ധിച്ചു. അതേ സമയത്തു് 249 വലിയ കമ്പനികളിൽ ആകെ 9,41,000 തൊഴിലാളികൾ പ്രവർത്തിക്കാൻ തുടങ്ങി. ഈ കണക്കുകളിൽനിന്നു് വലിയ കമ്പനികളുടെ ശക്തി എത്രകണ്ടു വർദ്ധിച്ചുവെന്നു് ഏറെക്കുറെ വ്യക്തമാകുമല്ലോ.

"ഇന്ത്യൻ ഫൈനാൻസ്" എന്ന പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ചില കണക്കുകൾ മൂലധനകേന്ദ്രീകരണത്തെ കുറേക്കൂടി വെളിപ്പെടുത്തുന്നുണ്ടു്.

1938-39-ൽ 1ലക്ഷം ഉറുപ്പികമുതൽ 9ലക്ഷംകവരെ അംഗീകൃതമൂലധനത്തോടുകൂടിയ കമ്പനികൾ അക്കൊല്ലം ആകെ സ്ഥാപിച്ച കമ്പനികളുടെ 91 ശതമാനമായിരുന്നു. പക്ഷേ, ഈ 91 ശതമാനം കമ്പനികൾക്കുംകൂടിയുള്ള മൂലധനം ഒട്ടാകെയുള്ള മൂലധനത്തിൻെറ 38 ശതമാനം മാത്രമായിരുന്നു.

എന്നാൽ 1946-ൽ ഇത്തരം കമ്പനികൾ ആകെയുള്ള കമ്പനികളുടെ 26 ശതമാനമായി കുറഞ്ഞു. അവയുടെ മൂലധനമാകട്ടെ, ഒട്ടാകെയുള്ള മൂലധനത്തിൻെറ വെറും 3 ശതമാനമേയുള്ളുവെന്നായി.

ഒരുകോടി ഉറുപ്പികയോ കൂടുതലോ മൂലധനമുള്ള കൂ

റാൻ കമ്പനികളുമായി ഇതിനെ ഒന്നു താരതമ്യപ്പെടുത്തി നോക്കുക:

1938-39-ൽ സ്ഥാപിതമായ ഇത്തരം കുററൻകമ്പനികൾ ആകെയുള്ള പുതിയ കമ്പനികളുടെ 8 ശതമാനം മാത്രമായിരുന്നു. എങ്കിലും, എണ്ണത്തിൽ കുറവായ ഈ കമ്പനികൾ ആകെയുള്ള മൂലധനത്തിൻെറ 20 ശതമാനം നിയന്ത്രിച്ചിരുന്നു.

1946-ൽ പുതിയ കുററൻകമ്പനികളുടെ എണ്ണം ആകെയുള്ള പുതിയ കമ്പനികളുടെ 15 ശതമാനമായിത്തീൎന്നു. അവയുടെ മൂലധനമോ? ഒട്ടാകെയുള്ളതിൻെറ 61 ശതമാനം ഈ വടുക്കുററൻ കമ്പനികളുടെ നിയന്ത്രണത്തിലായി.

ഇന്ത്യൻ വ്യവസായങ്ങളുടെ മൂലധനം ഏതാനും കമ്പനികളുടെ കയ്യിൽ കേന്ദ്രീകരിച്ചുവരികയാണെന്നാണ്, ഉല്പാദനവ്യവസ്ഥയാകെ ഒരുപിടി കുററൻമുതലാളികളുടെ നിയന്ത്രണത്തിൽപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നാണ്, ഈ കണക്കുകൾ ചൂണ്ടിക്കാണിയ്ക്കുന്നത്. എന്നാൽ, ഈ കണക്കുകൾകൊണ്ടുമാത്രം കേന്ദ്രീകരണത്തിൻെറ മുഴുവൻ സ്വഭാവവും വ്യക്തമാവില്ല.

## മാനേജിങ്ങ് ഏജൻസി

നമ്മുടെ പ്രധാനവ്യവസായങ്ങളെല്ലാം ഒരുപിടി മാനേജിങ്ങ് ഏജൻസികളുടെ നിയന്ത്രണത്തിലാണ്. സാമ്പ

ത്തികസഹായങ്ങളും ഉപദേശങ്ങളും നല്കി കമ്പനികളെ സ്ഥാപിക്കാനും വളത്താനുംവേണ്ടി മുന്നോട്ടുവരുന്ന പണക്കാരായ ഏതാനും വ്യക്തികളുടെ സ്വകാര്യക്കമ്പനികൾക്കാണ് 'മാനേജിങ്ങ് ഏജൻസി' എന്നു പറയുന്നതു്. കമ്പനികളിൽ ആവശ്യമായ ഷേറെടുത്തും കമ്പനികളെ 'മാനേജ്ജ്'ചെയ്തും വ്യവസായങ്ങളെ നിയന്ത്രിയ്ക്കുകയാണവരുടെ ജോലി. വ്യവസായങ്ങളെ വളത്തുന്ന കാര്യത്തിൽ വൈദഗ്ദ്ധ്യമുള്ളതുകൊണ്ടല്ല, കയ്യിൽ പണമുള്ളതുകൊണ്ടു്, നാട്ടുകാരിൽനിന്നു പിരിച്ചുണ്ടാക്കുന്ന മൂലധനത്തേയും അങ്ങിനെ രാജ്യത്തിലെ ഉല്പാദനവ്യവസ്ഥയേയും നിയന്ത്രിക്കാൻ അവൎക്കു സാധിക്കുന്നു. 1932-ലെ താരിപ്പ് ബോർഡു മുമ്പാകെ അഹമ്മദാബാദിലെ മില്ലുടമകളുടെ പ്രതിനിധിയായ കസ്തൂർബായിലാൽദായി പ്രസ്താവിക്കുകയുണ്ടായി, പരുത്തിവ്യവസായത്തിൽ 5ൽ 3ഭാഗം മൂലധനവും—ചിലേടങ്ങളിൽ 85—90 ശതമാനവും—മാനേജിങ്ങ് ഏജൻസികളുടെ നിയന്ത്രണത്തിലാണെന്നു്. 1929-33-ലെ സാമ്പത്തികക്കുഴപ്പക്കാലത്തു് അവർ തങ്ങളുടെപിടി കൂടുതൽ മുറുക്കുകയും നാട്ടുകാരായ എത്രയോ ഷേർഹോൾഡർമാരെ ദീപാളികുളിപ്പിക്കുകയും ചെയ്തു. വ്യവസായം കച്ചവടം, ഫൈനാൻസ് തുടങ്ങിയ എല്ലാ രംഗങ്ങളിലും അവരുടെ നഖങ്ങൾ പതിഞ്ഞു.

1946—47-ലെ മാനേജിങ്ങ് ഏജൻസികളുടെ സാമ്പത്തികാടിസ്ഥാനം പരിശോധിച്ചാൽ ഇതു കുറേക്കൂടി വ്യ

ക്തമാവും: 21 മാനേജിങ്ങ് ഏജൻസികൾകൂടി ചുരുങ്ങിയതു് 934 കമ്പനികളെയാണു് നിയന്ത്രിക്കുന്നതു്!

## ചില പടക്കുറാൻ കമ്പനികൾ

മാനേജിങ്ങ് ഏജൻസികളിൽവെച്ചു് ഏററവും വലുതു് ആണ്ട്റൂയൂൾസ് ആൻഡ് കമ്പനിയാണു്. ഇതു് ബ്രിട്ടീഷുമുതലാളികളുടെ കമ്പനിയാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, ഇയ്യിടെ ചില നാടൻ മുതലാളികളും ഇതിൽ കൂട്ടുചേർന്നിട്ടുണ്ടു്. ഇംഗ്ലണ്ടിലെ യൂൾ ആൻഡ് കാൻടോ കമ്പനിയുടെ ഒരു ശാഖയാണിതു്. അമേരിക്കയിലെ മോർഗൻകുടുംബവുമായി ഇതിന്നു ബന്ധമുണ്ടു്.

ഈ പടക്കുററൻകമ്പനിയാണു് ഇന്ത്യയിലെ പലതരത്തിലുംപെട്ട 92 കമ്പനികളെ നിയന്ത്രിയ്ക്കുന്നതു്. (ചണക്കമ്പനികൾ 12, ചായക്കമ്പനികൾ 19, കല്ക്കരിക്കമ്പനികൾ 17, വിദ്യുച്ഛക്തി 4, ഇൻഷൂറൻസ് 12, മററും മററും)

മറെറാരു പടക്കുററൻ കമ്പനി മാട്ടിൻ ആൻഡ് സൺസ് ആണു്. ഇതിലും ഇന്ത്യൻമുതലാളികൾക്കു പങ്കുണ്ടു് ഇതിൻെറ നിയന്ത്രണത്തിൽ 45 കമ്പനികളാണുള്ളതു്. 8 കല്ക്കരിക്കമ്പനികളും, 8 റെയിൽവേ കമ്പനികളും, 13 വിദ്യുച്ഛക്തി-എൻജിനിയറിങ്ങ് കമ്പനികളും അതിലുൾപ്പെടുന്നു.)

ഇതുപോലെ ബ്രിട്ടീഷുമൂലധനത്തിന്നു പ്രാധാന്യമുള്ള ഡങ്കൻ ബ്രദർസ്, ബർഡ് ആൻഡ് കമ്പനി, മാക്‌ലിയോഡ് ആൻഡ് കമ്പനി, ഷാ വാലസ്, ഡൺലോപ് കമ്പനി, ജാർഡിൻ സ്കിന്നർ കമ്പനി മുതലായ മററുചില മാനേജിങ്ങ്

ഏജൻസികളുമുണ്ട്. ഇന്ത്യയിലെ ചണം, ചായ, തുണി, കല്ക്കരി, വിദ്യുച്ഛക്തി, എൻജിനിയറിങ്, ഗതാഗതം, പഞ്ചസാര, ഇരിമ്പ്, ഉരുക്ക്, സിമൻറ്, ഇൻഷൂറൻസ് മുതലായവയുടെ പ്രധാനഭാഗം അവരുടെ നിയന്ത്രണത്തിലാണ്.

ഇന്ത്യയുടെ ദേശീയബോധത്തെ ചൂഷണംചെയ്തുകൊണ്ട്, ബ്രിട്ടീഷുമുതലാളികളുമായി ചിലപ്പോൾ മത്സരിച്ചും ചിലപ്പോൾ കൈകോർത്തുപിടിച്ചും, നമ്മുടെ ഉല്പാദന വ്യവസ്ഥയിൽ മേധാവിത്വം നേടിയ ചില നാടൻ മുതലാളികളുമുണ്ട്. ബിർല, സിംഗാനിയ, ദാൽമിയ, ടാററ മുതലായവരാണ് അവരിൽ പ്രധാനികൾ.

കല്ക്കരി, വിദ്യുച്ഛക്തി, എൻജിനിയറിങ്, ചണം, ചായ, പഞ്ചസാര, തുണി, കെമിക്കൽസ്, കടലാസ്സ്, കെട്ടിടങ്ങൾ, ഇൻഷൂറൻസ് എന്നിങ്ങിനെ പല സാമ്പത്തികരംഗങ്ങളിലുമായി 71 കമ്പനികളെയാണ് ബിർലാസഹോദരന്മാർ നിയന്ത്രിക്കുന്നത്. അവക്കൊരു പുതിയ സൈക്കിൾ ഫാക്ടറിയും മോട്ടോർവണ്ടികളുടെ ഭാഗങ്ങൾ കൂട്ടിച്ചേർക്കുന്നൊരു വർക്ക്ഷോപ്പുമുണ്ട്.

ജെ. കെ. ഇൻഡസ്ട്രീസ് (സിംഗാനിയാഗ്രൂപ്പ്) 43 കമ്പനികളെ നിയന്ത്രിക്കുന്നു. തുണി, കെമിക്കൽസ്, പഞ്ചസാര, വിദ്യുച്ഛക്തി, ഇൻഷൂറൻസ് മുതലായവയാണ് പ്രധാനം. അലൂമിനീയം വ്യവസായത്തിൽ പരിപൂർണ്ണമായ മേധാവിത്വവും അവക്കാണ്.

കല്ക്കരി, വിദ്യുച്ഛക്തി, പഞ്ചസാര, സിമൻറ്, ഗതാ

ഗതം, ഇൻഷ്വറൻസ്, എന്നിങ്ങിനെ പലരംഗങ്ങളിലുമായി 30 ഓളം കമ്പനികൾ ദാൽമിയയുടെ നിയന്ത്രണത്തിലാണ്.

ടാററക്കാർ 26കമ്പനികളെ നിയന്ത്രിക്കുന്നു. ഇരിമ്പും ഉരുക്കും പരിപൂർണ്ണമായും ടാററയുടെ നിയന്ത്രണത്തിലാണ്. പുറമേ, പലതരത്തിലുള്ള എൻജിനിയറിങ്ങ്, ഹൈഡ്രോ ഇലക്ടിക്ക് കമ്പനി, പേപ്പർമിൽസ്, കെമിക്കൽസ്, വിമാനം മുതലായവയുമുണ്ട്.

പ്രീമിയർ കൺസ്ട്രക്ഷൻ (വാൽചന്ദ് ഹീരാചന്ദ്) സിന്ധ്യാകപ്പൽ, കപ്പൽനിർമ്മാണശാല, മോട്ടോർകാർ, കെട്ടിടങ്ങൾ തുടങ്ങിയപലതും നിയന്ത്രിക്കുന്നു.

ഇങ്ങിനെ വിരലിന്മേലെണ്ണാവുന്ന ഒരുപിടി ക്രൂരൻ മുതലാളികളാണ് നമ്മുടെ ഉല്പാദനവ്യവസ്ഥയേയാകെ നിയന്ത്രിക്കുന്നതു്.

## 3. കുത്തകബേങ്കുകളും വ്യവസായങ്ങളും

ബ്രിട്ടീഷുമുതലാളികളുടെ നിയന്ത്രണത്തിലുള്ള ഇമ്പീരിയൽ ബേങ്കും, എക്സ്ചേഞ്ജ് ബേങ്കുകളും (കയററുമതിയേയും ഇറക്കുമതിയേയും സഹായിക്കുന്ന ബേങ്കുകൾ) നാടൻ വ്യവസായങ്ങളെ വളർത്താൻ വേണ്ടിയല്ല, ബ്രിട്ടീഷുതാല്പര്യങ്ങളെ രക്ഷിയ്ക്കാൻ വേണ്ടിയാണ് നിലനിന്നുപോന്നിട്ടുള്ളതു്. 1943വരേയും നമ്മുടെ സാമ്പത്തികജീവിതത്തിലെങ്ങും സർവ്വാധിപത്യം പുലർത്താൻ ഈ ബ്രിട്ടീഷുബേങ്കുകൾക്കു സാധിച്ചു.

എന്നാൽ, യുദ്ധകാലത്തു് വലിയൊരു മാററമുണ്ടായി: കൊള്ളലാഭം കിട്ടിയ നാടൻ മുതലാളികൾക്കൂടി ശക്തിപ്പെട്ടു. ടാററ, ബിർല, ദാൽമിയ മുതലായവർ ഏററവും വലിയ കുത്തകമുതലാളികളായി മാറി. പക്ഷേ, വ്യവസായവല്ക്കരണം പരിമിതമായതുകൊണ്ടു്, ഇഷ്ടംപോലെ യന്ത്രങ്ങളും മററും വരുത്തി വ്യവസായങ്ങളെ പോഷിപ്പിക്കാൻ കഴിയാഞ്ഞതുകൊണ്ടു്, അവരുടെ കയ്യിൽ പണം കുന്നുക്കൂടിക്കിടക്കാൻ തുടങ്ങി.

## വ്യവസായമുതലാളികൾ ബേങ്കർമാരാവുന്നു

പ്രമാണികളായ മുതലാളികൾ സ്വന്തം ബേങ്കുകൾ തുറന്നു. 1944—45 ആകുമ്പോഴേയ്ക്കും ഇന്ത്യയിലെ ഗ്രൂപ്പിന്നും പ്രത്യേകം പ്രത്യേകം ബേങ്കുകളുണ്ടായി. ബിർലയുടെ "യുണൈറ്റഡ് കമേർസ്യൽബേങ്ക്," ദാൽമിയയുടെ "ഭാരത് ബേങ്ക്," ജെ. കെ. ഗ്രൂപ്പിൻെറ "ഹിന്ദുസ്ഥാൻ കമേർസ്യൽ ബേങ്ക്" മുതലായവയെല്ലാം ഇക്കാലത്താണ് ശക്തിപ്പെട്ടു മുന്നോട്ടുവന്നത് ടാററക്കാക്ക് ആദ്യംതന്നെ തങ്ങളുടെ "സെൻട്രൽ ബേങ്കു"മുണ്ടായിരുന്നു. പണം പിടിപ്പതുള്ളതുകൊണ്ട് ആരംഭംമുതൽക്കേ കൂററൻ ബേങ്കുകളായിട്ടാണിവ വളൎന്നുവന്നത്.

ഇന്ത്യയിലെ ഏററവും വലിയ ബേങ്ക് ഇപ്പോഴും ഇമ്പീരിയൽബേങ്കുതന്നെ. ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുള്ള ഈ ഒട്ടാകെയുള്ള ഡിപ്പോസിററിൻെറ മൂന്നിലൊന്ന് ഈ ബേങ്കിലാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്.

എന്നാൽ, യുദ്ധകാലത്തുണ്ടായ ഒരു പ്രധാനമായ മാററം ഇന്ത്യൻബേങ്കുകൾക്കൂടി ശക്തിപ്പെട്ടു മുന്നോട്ടുവന്നുവെന്നതാണ്. കൂററൻ മുതലാളികളുടെ കുത്തകബേങ്കുകൾ ഇമ്പീരിയൽ ബേങ്കുമായും എക്സ്ചേഞ്ജ് ബേങ്കുകളുമായും മത്സരിക്കാൻ തുടങ്ങി. അതിൻെറ ഫലമായി ഇമ്പീരിയൽബേങ്കിൻെറ കുത്തകസ്ഥാനം പൊളിഞ്ഞിട്ടില്ലെങ്കിലും അതിൻെറ പ്രമാണിത്തത്തിന്ന് ഉടവുതട്ടിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. മൂലധനത്തിൻെറയും ഡിപ്പോസി

ററിൻേറയും തോതിലുണ്ടായ മാററങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാവും. 1938-ൽ ഒട്ടാകെയുള്ള മൂലധനത്തിൻെറ 41 ശതമാനം ഇമ്പീരിയൽബേങ്കിൻെറ കയ്യിലായിരുന്നു. 1945 ആയപ്പോഴേയ്ക്കും അതു് 19 ശതമാനമായി ചുരുങ്ങി. അതുപോലെത്തന്നെ ഡിപ്പോസിററ് 1938-ൽ 32 ശതമാനമായിരുന്നതു്, 1945-ൽ 24 ശതമാനമായും ചുരുങ്ങി. ഇന്ത്യൻ വ്യവസായത്തിന്നു് ബ്രിട്ടീഷുമൂലധനത്തിൻെറ പിടിയിൽനിന്നു് ഒരതിൎത്തിവരെയെങ്കിലും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നാണിതു കാണിക്കുന്നതു്.

1939-ൽ 1കോടി കയോ അതിലധികമോ മൂലധനമുള്ള ബേങ്കുകൾ മൂന്നെണ്ണം മാത്രമേയുണ്ടായിരുന്നുള്ളു! 1945-ൽ ഇത്തരം ക്രററൻബേങ്കുകളുടെ എണ്ണം 9 ആയിത്തീൎന്നു.

എണ്ണത്തിൽ ഈ ക്രററൻ ബേങ്കുകൾ ഇന്ത്യയിലാകെയുള്ള ബേങ്കുകളുടെ 1 ശതമാനം മാത്രമാണു്. പക്ഷേ വിരലിന്മേലെണ്ണാവുന്ന ഈ ബേങ്കുകളാണു് ഒട്ടാകെയുള്ള മൂലധനത്തിൻെറ 44·5 ശതമാനത്തെ നിയന്ത്രിക്കുന്നതു്. ഡിപ്പോസിററാണെങ്കിൽ ആകെയുള്ളതിൻെറ 60 ശതമാനം അവയുടെ കയ്യിലാണു്.

എന്നുവെച്ചാൽ, നാട്ടുകാർ എല്ലാ ബേങ്കുകളിലുംകൂടി നിക്ഷേപിച്ചിട്ടുള്ള ഡിപ്പോസിററിൻെറ 60 ശതമാനമെടുത്തു് തിരിമറി ചെയ്യാൻ ഈ 9 ബേങ്കുകൾക്കു സാധിക്കുമെന്നൎത്ഥം.

## ബേങ്ക്മൂലധനവും, വ്യവസായമൂലധനവും തമ്മിലുള്ള കൂട്ടുകെട്ട്

ഈ ക്രൂററൻ ബേങ്കുകഠം കേവലം പണമിടവാട്ട് നടത്തി പലിശ സമ്പാദിക്കുന്ന ബേങ്കുകളല്ല, വ്യവസായങ്ങളുമായി അവ വളരെയേറെ ബന്ധപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്ന്, ബിർലയുടെ യുണൈററഡ് കമേർസ്യൽ ബേങ്കിൻെറ 9 ഡയറക്ടർമാർ പലതരത്തിലുമുള്ള 94 കമ്പനികളുടെകൂടി ഡയറക്ടർമാരാണ്. ജെ. കെ. ഗ്രൂപ്പിൻെറ ഹിന്ദുസ്ഥാൻ കമേർസ്യൽബേങ്കിന്ന മററു കമ്പനികളിൽ 66 ഡയറക്ടർ സ്ഥാനവും, ദാൽമിയയുടെ ഭാരത് ബേങ്കിന്ന് 45 ഡയറക്ടർ സ്ഥാനവുമുണ്ട്.

സെൻട്രൽ ബേങ്ക് ഓഫ് ഇന്ത്യ, ബേങ്ക് ഓഫ് ഇന്ത്യ, ഹിന്ദുസ്ഥാൻ കമേർസ്യൽ ബേങ്ക്, ഹിന്ദുസ്ഥാൻ മെർക്കൻടയിൽ ബേങ്ക്, ഭാരത്ബേങ്ക്, യുണൈററഡ് കമേർസ്യൽ ബേങ്ക്, ഹിൻഡ് ബേങ്ക് എന്നീ 7 ക്രൂററൻ ബേങ്കുകളുടെ 66 ഡയറക്ടർമാർ പലതരം വ്യവസായങ്ങളിലുമായി 389 ഡയറക്ടർ സ്ഥാനങ്ങളലങ്കരിക്കുന്നുണ്ട്. പരുത്തി, ചണം, സിമൻറ്, പഞ്ചസാര, കൽക്കരി തുടങ്ങിയ എല്ലാ പ്രധാന വ്യവസായങ്ങളിലും അവരുടെ നഖങ്ങഠം പതിഞ്ഞിട്ടുണ്ടെന്നത്ഥം.

ഇങ്ങിനെ ബേങ്കർമാരും വ്യവസായമുതലാളികളും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുളവായിക്കഴിഞ്ഞിരിക്കുന്നു. ബേങ്ക്മൂലധനത്തേയും, വ്യവസായമൂലധനത്തേയും കൂട്ടിച്ചേ

ത്തു കൊണ്ടാണ് ഒരുപിടി കുത്തകമുതലാളികൾ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികജീവിതമെട്ടത്തമ്മാനമാടുന്നത്. പുതിയ വ്യവസായങ്ങളെ വളർത്തുകയോ, നശിപ്പിക്കുകയോ ചെയ്യാനവർക്ക സാധിക്കും. അത്ര വമ്പിച്ചതാണവരുടെ ശക്തി.

തങ്ങളുടെ കൊള്ളലാഭം സുരക്ഷിതമാക്കാൻവേണ്ടി ചെറുകിട വ്യവസായങ്ങളേയും ചെറുകിട ബേങ്കുകളേയും അവർ ദീപാളി കുളിപ്പിക്കുന്നു. ഗവമ്മേണ്ടിന്റെ നിയന്ത്രണനടപടികളും നികുതിനയവുമെല്ലാം തങ്ങൾക്കനുകൂലമായിരിക്കണമെന്ന് അവർ ശാഠ്യം പിടിക്കുന്നു. തൊഴിലാളിയുടെ കൂലി വെട്ടിച്ചുരുക്കുന്നതിനേയും, പ്രവൃത്തിസമയം വർദ്ധിപ്പിക്കുന്നതിനേയും ന്യായീകരിക്കണമെന്ന് അവർ ഗവമ്മേണ്ടിനോടാവശ്യപ്പെടുന്നു. തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങൾക്കു കോട്ടം തട്ടുമെന്നു തോന്നുമ്പോൾ അവർ ഗവമ്മേണ്ടിനെപ്പോലും വെല്ലുവിളിക്കുന്നു. തൊഴിലാളികളും നാട്ടുകാരും മാത്രമല്ല, ഭരണയന്ത്രവും തങ്ങളുടെ മുമ്പിൽ ഓച്ഛാനിച്ചു നില്ക്കണം; അങ്ങിനെ തങ്ങളുടെ കൊള്ളയും, ചൂഷണവും നിർബ്ബാധം തുടരാൻ സാധിക്കണം—അതാണവരുടെ ആവശ്യം!

## ഇൻഡോ ബ്രിട്ടീഷ് മുതലാളിക്കൂട്ടുകെട്ട്

വൻകിടയിലുള്ള വ്യവസായമുതലാളികളും തമ്മിൽ ഒത്തുചേരുന്നതെങ്ങിനെയെന്നു നമ്മൾ കണ്ടുകഴിഞ്ഞു. പക്ഷെ, അടുത്തകാലത്തായി മറ്റൊരുതരം കൂട്ടുകെട്ടുകൂടിയുണ്ടായിക്കഴിഞ്ഞിട്ടുണ്ട്: ഇന്ത്യൻ മുതലാളികളും, ബ്രിട്ടീഷു മുതലാളികളും തമ്മിലുള്ള കൂട്ടുകെട്ട്.

ഇന്നത്തെ സാർവ്വലൌകിക പരിതഃസ്ഥിതിയിൽ പണ്ടത്തെപ്പോലെ തങ്ങളുടെ സ്വതന്ത്രമായ മേധാവിത്വം തുടരാനാവില്ലെന്നും തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളുടെ രക്ഷയ്ക്കു് ഇന്ത്യൻ മുതലാളികളുമായി കൂട്ടുകൂടുകയാണാവശ്യമെന്നും ബ്രിട്ടീഷുമുതലാളികൾ മനസ്സിലാക്കിയിട്ടുണ്ട്. ചർച്ചിലിൻെറ സ്നേഹിതനായ പ്രൊഫസ്സർ എ. വി. ഹിൽ 1944-ൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:

“നമുക്കു് കുറച്ചൊരു വിശാലമനസ്കതയും, ധൈര്യവും ദീർഘദൃഷ്ടിയും ഉണ്ടെങ്കിൽ ഇന്ത്യൻവ്യവസായികളുമായി സഹകരിക്കുന്നതിനുള്ള സാദ്ധ്യത ഇപ്പോളുമുണ്ട്. ഇന്ത്യൻ വ്യവസായീകരണത്തെ തടുത്തുനിർത്തുവാൻ ഇനി നമ്മാലസാദ്ധ്യമാണു്. ഇന്ത്യക്കാരുമായി നാം സഹകരിക്കാത്ത പക്ഷം അവർ അമേരിക്കക്കാരുടെ വഴിയേ പോകും.”

തൊഴിലാളികളുടേയും, കൃഷിക്കാരുടേയും വളൎന്നുവരുന്ന ശക്തി കണ്ടമ്പരന്ന ഇന്ത്യൻമുതലാളികളും ബ്രിട്ടീഷുമുതലാളികളുമായി കൂട്ടുകൂടുകയാണു് തങ്ങളുടെ സ്ഥാപിതതാല്പര്യങ്ങളെ രക്ഷിക്കാനുള്ള പോംവഴിയെന്നു മനസ്സിലാക്കി. ബ്രിട്ടീഷുമുതലാളികളിൽനിന്നുള്ള നക്കാപ്പിച്ചയ്ക്കുവേണ്ടി രാജ്യത്തിൻെറ സ്വതന്ത്രമായ സാമ്പത്തികാഭിവൃദ്ധിയെ ബലികഴിക്കാൻ അവർ തീരുമാനിച്ചു. അങ്ങിനെയുണ്ടായവയാണു്/ബിർലാ-നഫീൽഡ് കരാറ്, ടാററാ-ഇമ്പീരിയൽ കെമിക്കൽസ് കരാറ്, കിറലോസ്കർ കച്ചവടക്കരാറ്, പ്രാററ്-രഘുനന്ദൻശർമ്മാ കരാറ് മുതലായ മുതലാളിക്കൂട്ടുകെട്ടുകൾ. ലാഭത്തിൻെറ ഗണ്യമായ ഭാഗവും, രാജ്യത്തിൻെറ

സാമ്പത്തിക വ്യവസ്ഥയുടെ മേലുള്ള നിയന്ത്രണവും ബ്രിട്ടീഷുകാൎക്കനുവദിച്ചു കൊടുക്കുന്നുവെന്നതാണ് ഈ കൂട്ടുകെട്ടുകളുടെ എല്ലാം അടിസ്ഥാനം. എന്നിട്ടും ഈ ശപിക്കപ്പെട്ട കൂട്ടുകെട്ടിനെ ന്യായീകരിച്ചുകൊണ്ടു് 1946 ഒക്ടോബറിൽ ബിർലയുടെ പത്രമായ "ഈസ്റ്റേൺ എക്കൊണോമിസ്റ്റ്" ഇങ്ങിനെ എഴുതുകയുണ്ടായി:

"കുഴപ്പം പിടിച്ച ഇക്കാലത്തു് ബ്രിട്ടൻ നമ്മുടെ പങ്കാതിയും കൂട്ടുകാരനുമാകുന്നതിൽ എന്താണു് തരക്കേടു്? പരിഷ്കൃതജീവിതത്തിന്നും,വ്യവസായവൽക്കരണത്തിന്നുംവേണ്ടി സമാധാനപരമായ വഴിയിലൂടെ പ്രയാണം ചെയ്യുന്ന നമുക്കു് ഫലപ്രദമായ പരിചയവും പാരമ്പര്യവുമുള്ള ബ്രിട്ടൻെറ സഹായം അത്യാവശ്യമാണു്. ഈ കാരണങ്ങളാലും മററും ബ്രിട്ടീഷുസാമ്രാജ്യത്വത്തിന്നെതിരായ നയം കുറച്ചു കാലത്തേക്കു നമ്മുടെ പരിപാടിയിൽത്തന്നെ ഉണ്ടാവാൻ പാടില്ല. അതു് ഈ രാജ്യത്തിൻെറ താല്പൎയ്യത്തിന്നുതന്നെ വിരോധമാണു്."

"രാജ്യത്തിൻെറ താല്പൎയ്യ"മെന്നുവെച്ചാൽ വൻകിടമുതലാളികളുടെ താല്പൎയ്യം എന്നൎത്ഥമാണെന്നു പറയേണ്ടതില്ലല്ലോ.

ഇങ്ങിനെ ആഗസ്റ്റ് 15ന്നുശേഷവും ഇന്ത്യയിലെ കുററൻ കമ്പനികളുമായി കൂട്ടുകൂടിക്കൊണ്ടു് ബ്രിട്ടീഷുകുത്തകമുതലാളികൾ തങ്ങളുടെ ചൂഷണവും, ലാഭക്കൊള്ളയും നിൎബ്ബാധം തുടൎന്നുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണു് നമ്മൾ കാണുന്നതു്.

# 4. മൂർച്ഛിച്ചുവരുന്ന സാമ്പത്തികക്കുഴപ്പം

അധികാരത്തിലെത്തിയിട്ട് അധികം കഴിയുന്നതിന്നു മുമ്പ്, തുണിക്ഷാമം പരിഹരിക്കുവാനും കൂടുതൽ തുണിയുൽപ്പാദിപ്പിക്കാനുമുള്ള ഒരു പുതിയ പദ്ധതി ധനകാര്യമന്ത്രി മി. ഷൺമുഖംചെട്ടി പ്രസിദ്ധം ചെയ്യുകയുണ്ടായി. പദ്ധതിയുടെ കാതലിതാണ്: മുതലാളികൾക്കു കൂടുതൽ ലാഭമനുവദിക്കുക, തുണിച്ചരക്കുകളുടെ വില വർദ്ധിപ്പിച്ച് നാട്ടുകാരെ ബുദ്ധിമുട്ടിക്കുക, തൊഴിലാളികളുടെ പ്രവൃത്തിസമയം 9 മണിക്കൂറാക്കി വർദ്ധിപ്പിക്കുക!

തൊഴിലാളികളെ കൂടുതൽ ചൂഷണം ചെയ്യുകയും ഉപഭോക്താക്കളായ നാട്ടുകാരിൽനിന്ന് കൂടുതൽ വില പിഴിഞ്ഞെടുക്കുകയും അങ്ങിനെ മുതലാളികൾക്ക് കൂടുതൽ ലാഭമടിക്കാൻ നിയമസമ്മതി നല്കുകയും ചെയ്താൽ ജനങ്ങൾക്കാവശ്യമായ തുണികിട്ടുമോ? തീർച്ചയായുമില്ല. നേരെമറിച്ച് സ്ഥിതി കൂടുതൽ വഷളായിത്തീരുകയാണുണ്ടാവുക.

## വിലകൂട്ടുന്നതെന്തിനു്?

എന്നാൽ, തുണിക്കുമാത്രമല്ല, മറെറല്ലാ ചരക്കുകൾക്കും വില വർദ്ധിപ്പിക്കണമെന്നാണ് മുതലാളികൾ പ്രക്ഷോഭം കൂട്ടു

ന്നത്. ഇന്ത്യയിലെ വൻകിടമുതലാളികളിലൊരാളായ ജെ. ആർ. ഡി. ടാററ വാദിക്കുന്നതു നോക്കുക:

"പണപ്പെരുപ്പത്തിൻെറ ഗതി തടയണമെങ്കിൽ കൂലി നിയന്ത്രിക്കുകയും വിലകളും, ഉൽപ്പാദനവും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാവശ്യമാണ്." (ഹിന്ദു, സെപ്റ്റ: 4) ഏതാണ്ടിതുപോലെതന്നെയാണ് ബിർലയുടെ "ഈസ്റ്റേൺ എക്കൊണോമിസ്റ്റ്" എന്ന പത്രവും വാദിക്കുന്നത്.

ഈ മുതലാളികളുടെ വാദം കേട്ടാൽതോന്നും ചരക്കുകളുടെ വില വളരെ കുറവാണെന്ന്. പക്ഷേ, വാസ്തവമെന്താണ്? വിലക്കയററത്തെപ്പററി റിസർവ്വ്ബേങ്കുബുള്ളററിൻ പ്രസിദ്ധം ചെയ്ത ഈ കണക്കുകൾ നോക്കുക:

| | 1939 ആഗസ്റ്റ് | 1946 മേയ് | 1947 മേയ് |
|---|---|---|---|
| കാർഷികോല്പന്നങ്ങളുടെ വില | 100 | 299 | 334 |
| വ്യവസായോല്പന്നങ്ങളുടെ വില | 100 | 239 | 272 |

(റിസർവ്വബേങ്ക്ബുള്ളററിൻ, 1947 ജൂലായി)

ഈ പട്ടിക പരിശോധിച്ചാൽ യഥാർത്ഥസ്ഥിതിയുടെ ഭയങ്കരത മുഴുവനും വ്യക്തമാവില്ല. കാരണം, നിയന്ത്രിത വിലയുടെ അടിസ്ഥാനത്തിലാണിതു കണക്കാക്കിയിട്ടുള്ളത്. വാസ്തവത്തിലുള്ള വിലകൾ എത്രയോ അധികമാണ്. എന്തുകൊണ്ടെന്നാൽ, കരിഞ്ചന്തരാജാക്കന്മാരാണ് ചരക്കുകളുടെ വിതരണത്തെ നിയന്ത്രിക്കുന്നത്.

## സാമ്പത്തികവ്യവസ്ഥ തകരുന്നു

ദുസ്സഹമായ ഈ വിലകയററത്തെ നേരിടാൻ കഴിയത്തക്കവണ്ണം ജനങ്ങളുടെ ജീവിതത്തോതുയൎന്നിട്ടുണ്ടോ? തീച്ച്യയായുമില്ല. മുതലാളികളുടെ ലാഭം എത്രയോ ഇരട്ടി വൎദ്ധിപ്പിച്ചിട്ടുണ്ടെന്നതു ശരിയാണു്. ചില വ്യവസായങ്ങളിൽ യുദ്ധകാലത്തെ നാലഞ്ചുകൊല്ലങ്ങൾകൊണ്ടുമാത്രം ഒട്ടാകെയിറക്കിയ മൂലധനത്തിൻെറ എട്ടും പത്തും ഇരട്ടി ലാഭമടിക്കാൻ അവൎക്കു സാധിച്ചിട്ടുണ്ടു്. നേരെമറിച്ചു്, തൊഴിലാളികളുടെ സ്ഥിതി ക്രമത്തിൽ മോശമായിക്കൊണ്ടു വരികയാണു്. ജീവിക്കാനാവശ്യമായ കൂലിക്കും, ക്ഷാമബത്തയ്ക്കും വേണ്ടി നിരവധി സമരങ്ങൾ നടത്തിയതിന്നുശേഷവും വിലക്കയററത്തിൻെറ 75 ശതമാനംപോലും നികത്താൻ അവൎക്കു കഴിഞ്ഞിട്ടില്ലെന്നതാണു് വാസ്തവം. കൂലികൂട്ടാൻവേണ്ടിയുള്ള ഏതു പ്രക്ഷോഭത്തേയും എതിൎക്കാനാണു് മുതലാളികൾ ഒരുങ്ങിയിട്ടുള്ളതു്. പേകമ്മീഷൻെറ റിപ്പോൎട്ടുപോലും നടപ്പിൽ വരുത്താൻ അവരിഷ്ടപ്പെടുന്നില്ല.

പോരെങ്കിൽ, തൊഴിലില്ലായ്മയും പരന്നുപിടിക്കാൻ തുടങ്ങിയിരിക്കുന്നു. യുദ്ധകാലത്തു് അനേകമാളുകൾക്കു് ശമ്പളവും മററു സമ്പാദ്യങ്ങളുമുണ്ടായിരുന്നു. അതൊക്കെ നിന്നു. ലക്ഷക്കണക്കിലുള്ള ജനങ്ങളുടെ ജോലിപോയി. യുദ്ധസംബന്ധിയല്ലാത്ത വ്യവസായങ്ങളിൽ എത്രപേൎക്കു ജോലിയില്ലാതായിട്ടുണ്ടെന്നു കണക്കുകിട്ടുക എളുപ്പമല്ല. എന്നാൽ ഗവൎമ്മേണ്ടിൻെറ കണക്കുപ്രകാരംതന്നെ യുദ്ധവകുപ്പ

കളിൽനിന്നും, യുദ്ധവ്യവസായങ്ങളിൽനിന്നുംമാത്രം 16 ലക്ഷത്തിലധികംപേർ പിരിച്ചുവിടപ്പെട്ടുകഴിഞ്ഞു. മററുഡിപ്പാട്ടുമെണ്ടുകളിൽനിന്നും പിരിച്ചുവിടൽ വദ്ധിച്ചുവരികയാണ്. ധനകാര്യമന്ത്രി ഷൺമുഖംചെട്ടി ചോദിക്കുന്നു:

"യുദ്ധത്തിന്നുവേണ്ടി നിയമിച്ച വമ്പിച്ച സ്റ്റാഫിനെ പിരിച്ചുവിടാതെ ഭരണം നടത്തുന്നതെങ്ങിനെയാണ്? ശമ്പളവും, അലവൻസും വദ്ധിപ്പിക്കണമെന്ന് എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരുന്നാൽ ഗവമ്മേണ്ടിൻെറ ധനസ്ഥിതിയെ സുരക്ഷിതമാക്കുന്നതെങ്ങിനെ?" (ഹിന്തു ഡിസമ്പർ 25)

ഇതിൻെറയെല്ലാം ഫലമായി ചരക്കുകൾ വാങ്ങാനുള്ള നാട്ടുകാരുടെ കഴിവ് കുറഞ്ഞുവരികയാണ്. തീവണ്ടിയിലോ ബസ്സിലോ സഞ്ചരിക്കുമ്പോൾ മുമ്പുണ്ടായിരുന്നത്ര തിക്കും തിരക്കും അനുഭവപ്പെടുന്നില്ല. ചായപ്പീടികകളിലും പലചരക്കുപീടികകളിലുമെല്ലാം ചെലവു ചുരുങ്ങിയിട്ടുണ്ട്. ചെറുകിട കച്ചവടക്കാർ പലരും പൊളിയാൻ തുടങ്ങിയിരിക്കുന്നു. മുമ്പൊക്കെ പണമുണ്ടായിരുന്നു, ചരക്കുകൾ കിട്ടാനായിരുന്നു വിഷമം. ഇപ്പോൾ ചരക്കുണ്ടെങ്കിൽത്തന്നെ വാങ്ങാൻ പണമില്ല. കുറച്ചു മുമ്പുവരെയും സ്വണ്ണപ്പണ്ടങ്ങളുണ്ടാക്കാനുള്ള തിരക്കായിരുന്നു. ഇപ്പോൾ ആ സ്വണ്ണപ്പണ്ടങ്ങൾ ഓരോന്നോരോന്നായി ബേങ്കിൽ വെച്ചു പണം വാങ്ങാൻ നോക്കുകയാണ്. അടുത്ത കാലംവരേയും ഭൂസ്വത്തുക്കൾ വില്ക്കാൻ ആക്കും ഇഷ്ടമുണ്ടായിരുന്നില്ല. നാട്ടുകാരുടെ തുണിയും പഞ്ചസാരയും കട്ടെടുത്ത് പണം സമ്പാദിച്ചു കരിഞ്ചന്തക്കൊള്ളക്കാർ മോഹവില കൊടുത്താണ് നിലം വാങ്ങിയിരുന്നത്. ഇപ്പോൾ ആ സ്ഥിതിയൊക്കെ മാറി. ഭൂസ്വത്തുക്കളുടെ കൊള്ളക്കൊടുക്കകൾ എത്രയോ വദ്ധിച്ചി

രിക്കുന്നു. ഇടത്തരക്കാർ പലരും കടത്തിൽ മുങ്ങിക്കഴിഞ്ഞിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, നാട്ടുകാരുടെ സ്ഥിതി യുദ്ധകാലത്തെ അപേക്ഷിച്ച് എത്രയോ ദയനീയമായിത്തീൎന്നിരിക്കുന്നു. പട്ടിണിയും വറുതിയും ചുടലനൃത്തം ചവിട്ടാൻ തുടങ്ങിയിരിക്കുന്നു.

നാടാകെ പരന്നു പിടിച്ച ഈ സാമ്പത്തികവിഷമതകൾ മെല്ലെമെല്ലെ വലിയ വ്യവസായങ്ങളേയും ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്, ഉൽപ്പാദനം കുറയാൻ തുടങ്ങിയിരിക്കുന്നു.

അനുദിനം മൂർച്ഛിച്ചുവരുന്ന ഈ സാമ്പത്തികക്കുഴപ്പത്തെ പരിഹരിക്കാൻ ഗവമ്മേണ്ടിന്നു യാതൊരു പരിപാടിയുമില്ല. ബ്രിട്ടീഷുമൂലധനമെല്ലാം പിടിച്ചടക്കിയും മൌലികവ്യവസായങ്ങളെ ദേശീയവൽക്കരിച്ചും തൊഴിലാളികൾക്കു ന്യായമായ കൂലി കൊടുത്തും ജന്മിസ്സമ്പ്രദായം അവസാനിപ്പിച്ചും അങ്ങിനെ ജനങ്ങളുടെ ജീവിതത്തോതുയൎത്തിയും രാജ്യത്തിൻെറ സാമ്പത്തികവ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്താൻ അവർ ഒരുങ്ങുന്നില്ല.

മുതലാളികളാകട്ടെ, തൊഴിലാളികളെ പിരിച്ചുവിട്ടും അധ്വാനഭാരം വൎദ്ധിപ്പിച്ചും, കൂലികുറച്ചും, ചരക്കുകളുടെ വില കൂട്ടിയും കുഴപ്പത്തിൻെറ ഭാരത്തെ തൊഴിലാളികളുടേയും നാട്ടുകാരുടേയും തലയിലേയ്ക്കു മാററാൻ ശ്രമിക്കുകയാണു്.

ഇതിൻെറ ഫലമായി തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സംഘട്ടനങ്ങൾ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധം കൊടുമ്പിരിക്കൊള്ളാൻ തുടങ്ങിയിരിക്കുന്നു.

## 5. ഇന്ത്യയിലെ തൊഴിലാളിപ്രശ്നം

ഇന്ത്യയിൽ മൂലധനമിറക്കാൻ ബ്രിട്ടീഷുമുതലാളികളെ പ്രേരിപ്പിച്ച പ്രധാന കാരണങ്ങളിലൊന്നു് ഇവിടെ ചുരുങ്ങിയ കൂലിക്കു് തൊഴിലാളികളേയും ചുരുങ്ങിയ വിലയ്ക്കു് അസംസ്കൃതപദാർത്ഥങ്ങളും കിട്ടുമെന്നുള്ളതാണു്. തൊഴിലാളികളെ അങ്ങേയറ്റം ചൂഷണം ചെയ്തുകൊണ്ടു് കഴിയുന്നത്ര ലാഭമുണ്ടാക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. നാടൻ മുതലാളികളും അവരുടെ മാതൃക തന്നെയാണു് സ്വീകരിച്ചതു്.

19-ാം നൂറ്റാണ്ടിന്റെ അവസാനംമുതൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭം വരെയുള്ള കാലഘട്ടത്തിൽ വ്യവസായങ്ങൾ പലതും അഭിവൃദ്ധിപ്പെട്ടുവെങ്കിലും തൊഴിലാളികൾക്കു പറയത്തക്ക യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെന്നു് സുപ്രസിദ്ധധനശാസ്ത്രജ്ഞനായ ജെ. കുഷിൻസ്കിയുടെ താഴെകൊടുത്ത കണക്കുകൾ വ്യക്തമാക്കുന്നു.

ഇന്ത്യൻ തൊഴിലാളികളുടെ യഥാർത്ഥകൂലിനിരക്കു്.

(1900=100)

| കൊല്ലം | കിട്ടിയ കൂലി | ജീവിതച്ചെലവിന്റെ ഭാരം | യഥാർത്ഥകൂലി അഥവാ ക്രയശക്തി |
|---|---|---|---|
| 1890 | 90 | 79 | 114 |

| | | | |
|---|---|---|---|
| 1900 | 100 | 100 | 100 |
| 1910 | 120 | 103 | 117 |
| 1920 | 182 | 238 | 76 |
| 1930 | 220 | 178 | 124 |
| 1938 | 178 | 139 | 128 |

(A Short History of Labour Conditions in British Empire by J. Kuczynski- Pages 50–51)

ഈ കണക്കുകളിൽനിന്നു് 1890 മുതൽ 1938 വരെയുണ്ടായ മാററങ്ങളെ ഇങ്ങിനെ കണക്കാക്കാം:

| കൊല്ലം | കിട്ടിയകൂലി | ജീവിതച്ചെലവിൻെറ ഭാരം | യഥാർത്ഥകൂലി അഥവാ ക്രയശക്തി |
|---|---|---|---|
| 1890 | 100 | 100 | 100 |
| 1938 | 198 | 176 | 112 |

അതായതു്, 48 കൊല്ലംകൊണ്ടു് ഇന്ത്യൻതൊഴിലാളികളുടെ ക്രയശക്തി 12 ശതമാനം മാത്രമാണു് വർദ്ധിച്ചതു്.

തൊഴിലാളികൾക്കു പറയത്തക്ക അഭിവൃദ്ധിയൊന്നുമുണ്ടായിട്ടില്ലെന്നുമാത്രം മനസ്സിലാക്കിയാൽ പോരാ. ഈ കാലഘട്ടത്തിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരവും ഉൽപ്പാദനശക്തിയും വളരെ വർദ്ധിക്കുകയുണ്ടായെന്നുകൂടി മനസ്സിലാക്കണം. കുഷിൻസ്കി കണക്കുകൂട്ടിപ്പറയുന്നു: 1919 മുതൽ 1938വരെയുള്ള 20 കൊല്ലത്തിന്നുള്ളിൽ ഫാക്ടറി തൊഴിലാളികളുടെ ഉൽപ്പാദനശക്തി 44 ശതമാനവും, കൽക്കരിഖനി തൊഴിലാളികളുടെ ഉൽപ്പാദനശക്തി 27 ശതമാനവും വർദ്ധിച്ചിട്ടുണ്ടു്.

തൊഴിലാളികളുടെ കഠിനപ്രയത്നമപ്പിച്ചുണ്ടായ ഈ ഉൽപ്പാദനാഭിവൃദ്ധി മുതലാളികളുടെ മടിശ്ശീല മാത്രമാണു തടിപ്പിച്ചതു്. മുതലാളികളുടെ ലാഭത്തോതു വദ്ധിച്ചതെങ്ങിനെയെന്നു് പരിശോധിച്ചാൽ ഇതു വ്യക്തമാവും:

ജോയിൻറു് സ്റ്റോക്കു് കമ്പനികളുടെ ലാഭം

(1928=100)

| വ്യവസായം | 1928 | 1933 | 1939 | 1942 |
|---|---|---|---|---|
| തുണി | 100 | 33·9 | 154·6 | 760·7 |
| ചണ | 100 | 19·8 | 13·6 | 49·2 |
| ചായ | 100 | 93·9 | 96·2 | 219·5 |
| കൽക്കരി | 100 | 60·3 | 139·1 | 110·3 |
| പഞ്ചസാര | 100 | 254·2 | 179·4 | 219·2 |
| ഇരുമ്പും ഉരുക്കും | 100 | 90·3 | 289·3 | 403·3 |
| കടലാസ്സ് | 100 | 110·8 | 151·8 | 488·4 |
| എല്ലാവ്യവസായങ്ങളും കൂടി | 100 | 44·2 | 72·4 | 169·4 |

(Recent Social and Economic Trends in India. Page 67)

ഇന്ത്യാഗവമ്മേണ്ടിൻെറ സാമ്പത്തികോപദേശകൻ തയ്യാറാക്കിയ കണക്കാണിതു്. എന്നുവെച്ചാൽ, മുതലാളികളുടെ ലാഭത്തിൻെറ ശരിയായ കണക്കു് ഇതിൽനിന്നു മന

സ്സിലാവില്ലെന്നത്ഥം. കരിഞ്ചന്തക്കണക്കിൻെറ കാൎയ്യം പിന്നെ പറയേണ്ടതുണ്ടോ?

എങ്കിലും, ഗവമ്മേണ്ടിൻെറ ഈ കണക്കുകളിൽനിന്നുതന്നെ മുതലാളികൾക്ക് എന്തുമാത്രം ലാഭമടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഊഹിക്കാവുന്നതാണ്.

1942-നുശേഷവും ലാഭം പിന്നേയും വദ്ധിക്കുകയാണ് ചെയ്തതു്. 1938-39ൽ ഇന്ത്യൻ കമ്പനികളുടെ ലാഭം 37 കോടി 70 ലക്ഷം ക. യായിരുന്നു. 1943—44-ൽ അതു് 134 കോടി 40 ലക്ഷം ഉറപ്പികയായി. 332 കമ്പനികൾക്ക് 1946ലുണ്ടായ ലാഭത്തോതു പരിശോധിച്ചതിനുശേഷം, "ലാഭം പൊതുവിൽ നിലനിന്നിട്ടുണ്ടു്, അല്ലെങ്കിൽ വദ്ധിച്ചിട്ടുണ്ടു്" എന്ന് "ഇൻഡ്യൻ ഫൈനാൻസ്" എന്ന മുതലാളിപത്രം തന്നെ സമ്മതിക്കുകയുണ്ടായി. ഉദാഹരണത്തിന്ന്, ഉരുക്കുകമ്പനികളുടെ ലാഭം നോക്കുക: 20 കമ്പനികളുടെ ഒട്ടാകെ ലാഭം 1944-ൽ 4കോടി 5 ലക്ഷം ക. യായിരുന്നു. 1945-ൽ അതു് 4 കോടി 28 ലക്ഷം ക. യായും, 1946-ൽ 4 കോടി 67 ലക്ഷം ക.യായും വദ്ധിച്ചു.

മുതലാളികൾ ഇത്രയധികം കൊള്ളലാഭമടിച്ചുകൊണ്ടിരുന്ന അതേ ഘട്ടത്തിൽ തൊഴിലാളികളുടെ സ്ഥിതി അധികമധികം മോശമാവുകയാണ് ചെയ്തതു്. വിപുലവും സാൎവ്വത്രികവുമായ പ്രക്ഷോഭങ്ങൾ നടത്തിയിട്ടും വിലക്കയററത്തിൻെറ 75 ശതമാനംപോലും നികത്താനാവശ്യമായ കൂലിയോ ക്ഷാമബത്തയോ അവൎക്കു കിട്ടുകയുണ്ടായില്ല. ദിവസം ചെല്ലുംതോറും തൊഴിലാളികളുടെ ജീവിതത്തോതു് ക്രു

കൂടുതൽകൂടുതൽ ദുസ്സഹമായിത്തീരുകയാണുണ്ടായതു്. ഇന്ത്യയിലേയും, മററു രാജ്യങ്ങളിലേയും തൊഴിലാളികളുടെ ജീവിതത്തെപ്പററി സമഗ്രമായി പഠിച്ചതിനുശേഷം ഇങ്ങിനെയൊരു തീരുമാനത്തിലാണു് കുഷിൻസ്കി എത്തിച്ചേന്നതു്:

"ഇന്ത്യാക്കാരുടെ ജീവിതനിലവാരത്തിൻെറ അതിഭയങ്കരമായ ഒരു ചിത്രമാണു് നമ്മൾ കാണുന്നതു്. അരപ്പട്ടിണി, കാററിന്നും, വെള്ളത്തിന്നും, വെളിച്ചത്തിന്നും ഏപ്പാടില്ലാത്ത, മൃഗങ്ങളുടേതുപോലുള്ള വാസസ്ഥലങ്ങൾ—വാസ്തവത്തിൽ, ഇന്ത്യയിലെ വ്യവസായത്തൊഴിലാളികൾ മുതലാളിത്തലോകത്തിലെ ഏററവുമധികം ചൂഷിതരായ ജനവിഭാഗമാണു്" (കുഷിൻസ്കി, പേജ് 41)

ദയനീയവും, ഏതു ദേശാഭിമാനിയേയും ഇരുത്തിച്ചിന്തിപ്പിക്കുന്നതുമായ ഈ പരമാത്ഥങ്ങളിലാണു് തൊഴിലാളികളുടെയിടയിൽ വളൎന്നുവരുന്ന അസ്വാസ്ഥ്യങ്ങളുടേയും വദ്ധിച്ചുവരുന്ന പണിമുടക്കങ്ങളുടേയും കാരണമാരായേണ്ടതു്. മുതലാളികളുടെ മദ്ദനങ്ങളെ നിശ്ശബ്ദമായി സഹിക്കുവാൻ തൊഴിലാളികൾ തയ്യാറില്ല. അതാണു് പണിമുടക്കങ്ങളുടെ അടിസ്ഥാനം.

## പണിമുടക്കങ്ങളും തൊഴിലാളികളുടെ ശക്തിയും

തൊഴിലാളികളുടെ പണിമുടക്കങ്ങൾ ഏതുതരത്തിലാണു് വദ്ധിച്ചുവന്നതെന്നു് ഗവമ്മേണ്ടിൻെറ ഈ കണക്കുകളിൽ നിന്നു മനസ്സിലാക്കാം.

| കൊല്ലം | പണിമുടക്കങ്ങളുടെ എണ്ണം | പങ്കെടുത്ത തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1930 | 148 | 196, 301 |
| 1933 | 146 | 164,938 |
| 1939 | 406 | 409, 189 |
| 1945 | 848 | 782, 192 |

1929-33ൽ ഇന്ത്യയിലെങ്ങും വലിയൊരു സാമ്പത്തികക്കുഴപ്പം പരന്നുപിടിച്ചിട്ടുണ്ടായിരുന്നു. എന്നിട്ടും, ആ വിഷമഘട്ടത്തിൽപ്പോലും, 1945-ൽ ഉണ്ടായ പണിമുടക്കങ്ങളുടെ ആറിലൊന്നു മാത്രമേ പൊട്ടിപ്പുറപ്പെടുകയുണ്ടായുള്ളു എന്ന് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. 1946ലാകട്ടെ പണിമുടക്കങ്ങളിൽ പങ്കെടുത്തവരുടെ എണ്ണം പിന്നേയും വർദ്ധിച്ച് 19,61,000 ആയി.

തൊഴിലാളികളുടെ വർഗ്ഗബോധത്തോടൊപ്പം അവരുടെ സംഘടിതശക്തിയും വളൻവന്നിട്ടുണ്ടെന്നു കാണാം. അഖിലേന്ത്യാ ട്രേഡ്‌യൂനിയൻ കോൺഗ്രസ്സിൻെറ മെമ്പർഷിപ്പ് എങ്ങിനെ വർദ്ധിച്ചുവന്നുവെന്നു നോക്കുക:

| കൊല്ലം | തൊഴിലാളി യൂനിയനുകളുടെ എണ്ണം | റജിസ്റ്റർചെയ്ത മെമ്പർമാരുടെ എണ്ണം |
|---|---|---|
| 1938 | 188 | 363, 450 |

| | | |
|---|---|---|
| 1940 | 195 | 374, 256 |
| 1941 | 182 | 337, 695 |
| 1942 | 191 | 269, 803 |
| 1943 | 259 | 332, 079 |
| 1944 | 515 | 509, 084 |

തൊഴിലാളിവൎഗ്ഗത്തിൻെറ ഈ വളൎന്നുവരുന്ന ശക്തി മുതലാളികളേയും മററു പിന്തിരിപ്പന്മാരേയും വിറളി പിടിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ. തൊഴിലാളികളെ ഭിന്നിപ്പിയ്ക്കുവാൻ അവർ ആവുന്നതൊക്കെ ചെയ്തുനോക്കി. 1941-ൽ എം. എൻ. റോയിയുടെ നേതൃത്വത്തിൽ ട്രേഡ്യൂനിയൻകോൺഗ്രസ്സിന്നെതിരായി "ഇന്ത്യൻ ഫെഡറേഷൻ ഓഫ് ലേബർ" എന്ന ഒരു പുതിയ സംഘടന പൊന്തിവന്നു. ആ സംഘടനയ്ക്കു് ഗവൎമ്മേണ്ടു് മാസം തോറും 13000ക. വീതം സഹായധനം നല്കുകയുംചെയ്തു. എന്നിട്ടും ട്രേഡ്യൂനിയൻെറ ശക്തിയെ തകൎക്കാൻ കഴിഞ്ഞില്ല. ഏതു സംഘടനയ്ക്കാണു് തൊഴിലാളികളുടെ എടയിൽ കൂടുതൽ സ്വാധീനശക്തിയുള്ളതെന്നു പരിശോധിയ്ക്കാൻ വേണ്ടി ഗവൎമ്മേണ്ടു് 1946 സപ്തമ്പറിൽ ഒരന്വേഷണക്കമ്മിററിയെ നിയമിക്കുകയുണ്ടായി. കമ്മിററിയുടെ തെളിവുകൾ പ്രകാരംതന്നെ 7 ലക്ഷത്തിലധികം മെമ്പർമാരുള്ള ട്രേഡ്യൂനിയൻ കോൺഗ്രസ്സാണു് ഇന്ത്യയിലെ തൊഴിലാളിയൂനിയനുകളുടെ ശരിയായ പ്രാതിനിധ്യം വഹിയ്ക്കുന്ന സംഘടനയെന്നു് ഗവൎമ്മേണ്ടിന്നു തുറന്നുസമ്മതിയ്ക്കേണ്ടിവന്നു.

1947-ൽ ട്രേഡ്‌യൂനിയൻ കോൺഗ്രസ്സിനോട് അഫിലേററ്ചെയ്ത തൊഴിലാളിയൂനിയനുകൾ 500 ആയും കോൺഗ്രസ്സിൻെറ മെമ്പർഷിപ്പ് 730,000 ആയും വർദ്ധിച്ചു

തൊഴിലാളികളുടെ വർഗ്ഗബോധം മാത്രമല്ല, രാഷ്ട്രീയബോധവും പതിന്മടങ്ങ് ശക്തിപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയപാർട്ടിയായ കമ്യൂണിസ്റ്റ്‌പാർട്ടിക്കുണ്ടായ വളർച്ച പ്രശംസനീയമാണ്. 1942—'45ലെ കുഴപ്പംനിറഞ്ഞ കാലഘട്ടത്തിൽപ്പോലും കമ്യൂണിസ്റ്റ്‌പാർട്ടിയുടെ ശക്തി വർദ്ധിക്കുകയാണുണ്ടായതു്. 1942 ജൂലായി മാസത്തിൽ ഇന്ത്യയിലാകെ 4000-ത്തോളം മെമ്പർമാർമാത്രമേ പാർട്ടിക്കുണ്ടായിരുന്നുള്ളൂ. 1943-ൽ അതു് 15,000ഉം 1944-ൽ 30,000ഉം 1946-ൽ 53,000ത്തിലധികവുമായും വർദ്ധിച്ചു. ഇന്നാണെങ്കിൽ അതിനേക്കാളും എത്രയോ അധികം മെമ്പർമാരാണുള്ളതു്.

മറ്റിതവർഗ്ഗക്കാരുടെ ഈ അഭൂതപൂർവ്വമായ തള്ളിക്കയററത്തിൽ ആഹ്ലാദിക്കുകയും അഭിമാനിക്കുകയുമാണ് യഥാർത്ഥദേശാഭിമാനികൾ ചെയ്യുക. പക്ഷേ, കോൺഗ്രസ്സ് നേതൃത്വവും ഗവർമ്മേണ്ടും അതല്ല ചെയ്യുന്നതു്.

**ദേശീയനേതൃത്വത്തിൻെറ നയം**

1931-ലെ കറാച്ചികോൺഗ്രസ്സംഗീകരിച്ച മൌലികാവകാശപ്രഖ്യാപനത്തിൽ തൊഴിലാളികളുടെ അവകാശങ്ങളെപ്പററി ഇങ്ങിനെ പറഞ്ഞിട്ടുണ്ടായിരുന്നു:

"(എ). സാമ്പത്തികജീവിതം നീതിപൂർവ്വകമായി സംഘടിപ്പിക്കുന്നതാണ്. മാനമായ ഒരു ജീവിതനിലവാരം കൈവരുത്തുകയെന്നതായിരിക്കും അതിൻെറ ഉദ്ദേശം.

(ബി.) വ്യവസായത്തൊഴിലാളികളുടെ താല്പര്യങ്ങളെ സ്റ്റേറ്റ് സംരക്ഷിക്കുന്നതാണ്. തക്കതായ നിയമനിർമ്മാണംവഴിക്കും മററുവഴിക്കും തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ കൂലി, ആരോഗ്യകരമായ അധ്വാനോപാധികൾ, തൊഴിൽതക്കങ്ങൾ തീർക്കാനുപയുക്തമായ ഏർപ്പാടുകൾ, വാർദ്ധക്യത്തിൻേറയും രോഗത്തിൻേറയും തൊഴിലില്ലായ്മയുടേയും സാമ്പത്തികാഘാതങ്ങളിൽനിന്നു സംരക്ഷണം എന്നിവയെല്ലാം നേടിക്കൊടുക്കുന്നതാണ്."

5 കൊല്ലത്തിന്നു ശേഷം, 1936-ൽ കോൺഗ്രസ്സിൻെറ തിരഞ്ഞെടുപ്പുവിജ്ഞാപനത്തിലും തൊഴിലാളികൾക്ക് മാനമായ ജീവിതവുംമററും വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. "വാർദ്ധക്യം, രോഗം, തൊഴിലില്ലായ്മ എന്നിവയുടെ ആഘാതങ്ങളിൽനിന്നുള്ള സംരക്ഷണവും, തൊഴിലാളികൾക്ക് യൂനിയനുകൾ സ്ഥാപിക്കാനും തങ്ങളുടെ താല്പര്യങ്ങളെ രക്ഷിക്കാൻവേണ്ടി പണിമുടക്കങ്ങൾ നടത്തുന്നതിന്നുള്ള അവകാശവും" കോൺഗ്രസ്സംഗീകരിച്ചിട്ടുണ്ടായിരുന്നു. (കൃപലാനി പ്രസിദ്ധംചെയ്ത "രാഷ്ട്രത്തോടുള്ള ആഹ്വാനം" നോക്കുക-)

എന്നാൽ, കോൺഗ്രസ്സ് അധികാരത്തിലെത്തിയതിന്ന ശേഷം ഈ വാഗ്ദാനങ്ങളിൽ ഒന്നെങ്കിലും നിറവേററുകയുണ്ടായില്ല. നേരെമറിച്ച്, തൊഴിലാളികളുടെ ന്യായമായ പ്രക്ഷോഭങ്ങളുടെനേക്ക് മർദ്ദനനടപടികളഴിച്ചുവിടാനും, തൊഴിലാളിയൂനിയനുകളെ ഭിന്നിപ്പിക്കാനുമാണ് അവരൊരുങ്ങിയത്. അധ്വാനഭാരം വർദ്ധിപ്പിച്ചും കൂലി വെട്ടിക്കുറ

ളും തൊഴിലാളികളെ പിരിച്ചുവിട്ടും തങ്ങളുടെ കൊള്ളലാഭം നിലനിർത്താൻ ശ്രമിക്കുന്ന മുതലാളികളെ സർവ്വവിധത്തിലും സഹായിക്കുകയാണവർ ചെയ്യുന്നതു്. ട്രേഡ്യൂനിയൻ കോൺഗ്രസ്സിന്നെതിരായി ഒരു "ദേശീയ" ട്രേഡ്യൂനിയൻ കോൺഗ്രസ്സുണ്ടാക്കുകയെന്ന മുതലാളികളുടെ പ്ലാൻ കോൺഗ്രസ്സ്നേതാക്കന്മാരുടേയും കോൺഗ്രസ്സ്ഗവർമ്മേണ്ടിൻെറയും പരിപൂർണ്ണ സഹായത്തോടുകൂടിയാണ് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതു്. ട്രേഡ്യൂനിയൻകോൺഗ്രസ്സിൻെറ കൊടിക്കീഴിൽ സംഘടിച്ച തൊഴിലാളികളുടെ ആവശ്യങ്ങളൊന്നും അനുവദിച്ചുകൊടുക്കരുതെന്ന് ഡെപ്യൂട്ടിപ്രധാനമന്ത്രി സർദാർ പട്ടേൽ മുതലാളികളോട് പരസ്യമായഭ്യർത്ഥിക്കുകപോലും ചെയ്തു!

ഇത്തരം വൃത്തികെട്ട പ്രവൃത്തികളുടെ ഫലമായി തൊഴിലാളികൾക്കു മാത്രമല്ല, അധ്യാപകന്മാർ, നോൺഗസററഡ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയ ഇടത്തരക്കാർക്കുപോലും ദേശീയനേതൃത്വത്തെപ്പററിയുണ്ടായിരുന്ന വ്യാമോഹങ്ങൾ മിക്കവാറും നശിച്ചുകഴിഞ്ഞിരിക്കുന്നു.

ഒന്നുകിൽ, അമേരിക്കക്കാരും, ബ്രിട്ടീഷുകാരും, നാടന്മാരുമായ മുതലാളികൾക്കു കീഴടങ്ങുകയും അങ്ങിനെ നാട്ടിൽ കൂടുതൽ പട്ടിണിയും തൊഴിലില്ലായ്മയും മററുമവും വ്യാപിക്കാനിടവരുത്തുകയും ചെയ്യുക; അല്ലെങ്കിൽ, പട്ടിണിക്കും തൊഴിലില്ലായ്മയ്ക്കുമെതിരായി ഉറച്ചുനിന്നു സമരം ചെയ്യുകയും അങ്ങിനെ കൊള്ളയും മററുമവുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥയ്ക്കടിത്തറയിടുകയും ചെയ്യുക—ഇതല്ലാതെ മററൊരു പോംവഴിയുമില്ല. തൊഴിലാളികൾ സമരം ചെയ്യാനാണൊരുങ്ങിയിട്ടുള്ളതു്.

# 6 കാർഷികപ്രശ്നവും ഭക്ഷണക്കുഴപ്പവും

ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയിൽ ജന്മിസ്സമ്പ്രദായവും, ഫ്യൂഡൽബന്ധങ്ങളും നിലനിർത്തിപ്പോരികയെന്ന നയമാണ് ബ്രിട്ടീഷുഭരണാധികാരികൾ ആദ്യംമുതൽക്കേ തുടർന്നുവന്നിട്ടുള്ളതു്. വൻകിട ജന്മികളുടെ കൂട്ടുപിടിച്ചുകൊണ്ടുള്ള ഒരു കൊളോണിയൽ വ്യവസ്ഥകൊണ്ടുമാത്രമേ ഇന്ത്യയിൽ ഒരുഭാഗത്തു് വ്യവസായങ്ങളുടെ വളർച്ചയേയും മറുഭാഗത്തു് ജനകീയപ്രക്ഷോഭങ്ങളേയും തടയുവാനും അങ്ങിനെ തങ്ങളുടെ സാമ്രാജ്യത്വചൂഷണം തുടരാനും സാധിക്കുകയുള്ളു എന്നവർ മനസ്സിലാക്കിയിരുന്നു. ഇന്ത്യയിലെ ഒരു ഗവർണ്ണർ ജനറാളായിരുന്ന വില്യം ബെണ്ടിക്ക് പ്രഭു 1829-ൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:

"വിപുലമായ തോതിൽ പടർന്നുപിടിച്ചുവരുന്ന ജനങ്ങളുടെ കലാപത്തെ, അഥവാ വിപ്ലവത്തെ, ചെറുക്കുവാൻ രക്ഷാനടപടികൾ ആവശ്യമായി വരുമ്പോൾ, സ്ഥിരം സെററിൽമെണ്ടു് ഒരു വലിയ നേട്ടമാണെന്നനുഭവപ്പെട്ടുമെന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു........ഈ സെററിൽമെണ്ടു് ഒരു വലിയ വിഭാഗം ഭൂവുടമകളെ സൃഷ്ടിച്ചിട്ടുണ്ടു്; അവർ പണക്കാരാണു്; ബ്രിട്ടീഷുഭരണം തുടർന്നുപോകണമെന്ന കാര്യത്തിൽ അവർക്കു് അഗാധമായ താല്പര്യമുണ്ടു്. മാത്ര

മല്ല, അവക്ക് സാധാരണജനങ്ങളുടെമേൽ പൂർണ്ണമായ നിയന്ത്രണാധികാരവും ലഭിച്ചിട്ടുണ്ട്."

ഫ്യൂഡൽബന്ധങ്ങളെ നിലനിൎത്തുകയും വ്യവസായാഭിവൃദ്ധിയെ തടയുകയും ചെയ്യുക എന്ന സാമ്രാജ്യനയത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തിൽ കൃഷിയെ ആശ്രയിച്ചുജീവിക്കുന്നവരുടെ എണ്ണം കൊല്ലംതോറും പെരുകിവരികയാണ്. 1891-ൽ ആകെ ജനങ്ങളുടെ 61 ശതമാനം മാത്രമാണ് കൃഷിയെ ആശ്രയിച്ചു ജീവിച്ചിരുന്നത്. 1921-ൽ അത് 73 ശതമാനമായും 1931-ൽ 75 ശതമാനമായും വൎദ്ധിച്ചു.

കൃഷിയെ ആശ്രയിച്ച് ജീവിയ്ക്കുന്നവരിൽ 90 ശതമാനവും ദരിദ്രന്മാരും ഇടത്തരക്കാരുമായ കൃഷിക്കാരാണ്. സാമ്രാജ്യാധിപത്യത്തിന്റേയും, മുതലാളിത്തത്തിന്റേയും ഫലമായി അവരിൽ ഭൂരിപക്ഷവും അധികമധികം പാപ്പരായിക്കൊണ്ടുവരികയാണ്. കടത്തിൽമുങ്ങി നിലം വിറ്റ് പലരും കൎഷകത്തൊഴിലാളികളായി അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങിനെ നിലമില്ലാത്ത കൃഷിക്കാരുടെ തോത് കൊല്ലംതോറും കൂടിക്കൂടിവരുന്നു. 1882-ൽ സ്വന്തം നിലമില്ലാത്ത കൃഷിക്കാർ 7.5 ശതമാനമായിരുന്നത് 1921-ൽ 21.7 ശതമാനവും 1931-ൽ 33.5 ശതമാനവുമായി വൎദ്ധിച്ചു. അതായത് 1921-ൽ കൃഷിയിലേൎപ്പെട്ടവരിൽ 5-ൽ 1 നിലമില്ലാത്തവരായിരുന്നു. 1931-ൽ മൂന്നിലൊരുഭാഗത്തിന്നു നിലമില്ലാതായി. 1938-ൽ ബെങ്കാൾ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽ പകുതിയി

ല്ലധികം കൃഷിക്കാർ സ്വന്തമായ നിലമില്ലാത്തവരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

കൃഷിക്കാർ പാപ്പരാകുംതോറും കൃഷിചെയ്യാത്ത ഭൂവുടമകളുടെ എണ്ണം വർദ്ധിച്ചുവരുന്നതിൽ അത്ഭുതമില്ലല്ലോ. അത്തരക്കാരുടെ എണ്ണം 1921-31ന് ഇടയ്ക്കുതന്നെ 37 ലക്ഷത്തിൽ നിന്ന് 41 ലക്ഷമായി വർദ്ധിച്ചു. 1931-ലെ ജനസംഖ്യാറിപ്പോർട്ടുപോലും രേഖപ്പെടുത്തുകയുണ്ടായി:

"കൃഷി ചെയ്യാത്ത ഉടമകളുടെ കയ്യിൽ ഭൂമി മുഴുവൻ കേന്ദ്രീകരിച്ചെത്തിച്ചേരുകയെന്ന സ്ഥിതിയുളവാകാൻ ധാരാളം ഇടയുണ്ട്."

'കൃഷി ചെയ്യാത്ത ഭൂവുടമകൾ' എന്നു പറയുമ്പോൾ അത്തരക്കാരുടെയിടയിൽത്തന്നെ വലിയവരും ചെറിയവരുമുണ്ടെന്നകാര്യം വിസ്മരിക്കരുത്. വാസ്തവത്തിൽ ഒരുപിടി വൻകിട ജന്മികളാണ് നമ്മുടെ കാർഷികജീവിതത്തിൽ കുത്തകാധികാരം നില നിർത്തുന്നത് എന്നു പറഞ്ഞാൽ തെററില്ല. ഈ കുത്തകജന്മികളാണ് കൃഷിക്കാരുണ്ടാക്കുന്ന ധാന്യങ്ങളുടെ ഗണ്യമായ ഭാഗം പാട്ടത്തിൻേറയും മററും പേരിൽ തട്ടിയെടുക്കുന്നത്. കേരളത്തിലെ പാട്ടവ്യവസ്ഥയുടെ ഭയങ്കരതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇങ്ങിനെ എഴുതുകയുണ്ടായി:

"1. 1940-ലെ മലബാർ കുടിയായ്മക്കമ്മിററിയുടെ കണക്കനുസരിച്ച് മലബാറിലുണ്ടാകുന്ന കാർഷികോൽപ്പന്നങ്ങൾ കൊല്ലത്തിൽ 7കോടി ക. വിലയ്ക്കുള്ളതുവരും. (യു

ഘത്തിന്നു മുമ്പത്തെ വില) ഇതിൽ 2½കോടി ക. കൃഷി ചെയ്യാത്ത ഭൂവുടമസ്ഥന്മാൎക്കു പാട്ടമായി കൊടുക്കാൻ കൃഷിക്കാർ നിർബ്ബന്ധിതരാവുന്നുവെന്നാണ് കമ്മിററി റിപ്പോർട്ടിന്നനുബന്ധമായിച്ചേൎത്ത കണക്കുകളിൽനിന്ന് ഞാൻ സ്ഥാപിച്ചിട്ടുള്ളതു്.

2. കൊച്ചിയിലെ എട്ടോ ഒമ്പതോ വില്ലേജുകളിൽ ഗവൎമ്മെണ്ടിൻെറ ആഭിമുഖ്യത്തിൽ ഒരന്വേഷണം 1936-ൽ നടത്തുകയുണ്ടായി. ആ അന്വേഷണത്തിന്നു വിഷയമായ ഓരോ വില്ലേജിലേയും ശരാശരിവിള, കൃഷിച്ചിലവു്, ജന്മികൾക്കുള്ള പാട്ടം മുതലായവ കണക്കാക്കിയതിന്നുശേഷം "പാട്ടത്തിന്നേററുവാങ്ങി കൃഷിചെയ്യുന്ന കൃഷിക്കാരന്ന് യാതൊന്നും കിട്ടുന്നില്ലെന്ന" അഭിപ്രായമാണ് അന്വേഷണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുള്ളതു്.

3 തിരുവിതാംകൂറിൽ കൃഷിയിൽനിന്ന് ആകെയുള്ള ഉൽപ്പാദനത്തിൻെറ വില 7·1 കോടി ക.യും ഇതിൽനിന്നു കൃഷിചെയ്യാത്ത ഭൂമിയുടമസ്ഥന്മാർ പാട്ടമായി പിരിക്കുന്നതു് 1·2 കോടി ക.യുമാണെന്ന് സ്റ്റേററ്മാന്വൽ പറയുന്നു."

ഇതിലൊട്ടും കുറയാത്ത മൎദ്ദനഭാരമാണ് മററുസംസ്ഥാനങ്ങളിലെ കൃഷിക്കാരും സഹിക്കുന്നതു്. ചിലസ്ഥലങ്ങളിൽ ആകെവിളവിൻെറ മുക്കാൽ ഭാഗത്തിലധികം ഭൂവുടമസ്ഥന്മാർ തട്ടിയെടുക്കുന്നുണ്ടു്.

തലപൊളിക്കുന്ന പാട്ടവും, താങ്ങാനാവാത്ത കടഭാരവും മററു ചൂഷണവിധാനങ്ങളും കൃഷിക്കാരെ ഞെരിച്ചുകൊണ്ടിരിക്കുകയാണ്. അതിൻെറ ഫലമായി നമ്മുടെ കാൎഷികവ്യ

വസ്ഥയാകെ തകൻകഴിഞ്ഞിരിക്കുന്നു. കാഷിക്കോൽപ്പാദനം കുറഞ്ഞുകുറഞ്ഞു വരികയാണു്.

ഇന്ത്യാഗവമ്മേണ്ടിൻെറ കാഷികവിദഗ്ദ്ധനായ ഡബ്ലിയൂ. ബേൺസിൻെറ കണക്കുപ്രകാരം 1921-'22ൽ ഭക്ഷണധാന്യങ്ങൾ കൃഷിചെയ്യുന്നസ്ഥലം 15കോടി 86ലക്ഷം ഏക്രയായിരുന്നു. 1941-'42ൽ അതു് 15കോടി 65ലക്ഷം ഏക്രയായി കുറഞ്ഞു. അതായതു്, 20 കൊല്ലംകൊണ്ടു് ഭക്ഷണധാന്യം കൃഷിചെയ്യുന്ന സ്ഥലത്തിൽ 20ലക്ഷത്തിലധികം ഏക്ര കുറവുവന്നു.

ഭക്ഷണധാന്യത്തിൻെറ ഉൽപ്പാദനത്തിലും ഈ കുറവു കാണാം. 1921-'22ൽ ധാന്യോല്പാദനം 5കോടി 43ലക്ഷം തന്നായിരുന്നു. 1941-'42ൽ 4കോടി 57ലക്ഷം തന്നായിത്തീൻ. അതായതു് 20 കൊല്ലംകൊണ്ടു് ധാന്യോല്പാദനത്തിൽ 80ലക്ഷത്തോളം തൻ കുറവുവന്നിരിക്കുന്നു.

യുദ്ധകാലത്താണു് ഈ ജീണ്ണിച്ച സാമ്പത്തികവ്യവസ്ഥയുടെ കൊള്ളരുതായ്മകൾ നഗ്നമായിത്തന്നെ പ്രത്യക്ഷപ്പെട്ടതു്. ഗവമ്മേണ്ടു് തുരുതുരെ നോട്ടുകൾ അടിച്ചിറക്കിയതിൻെറ ഫലമായി പണത്തിൻെറ യഥാത്ഥമായവില അതിവേഗം കുറയാൻതുടങ്ങി. ഈ വിലകുറഞ്ഞ കടലാസ്സുനോട്ടുകൾ കൊടുത്തിട്ടാണു് കൃഷിക്കാരിൽനിന്നു് ധാന്യങ്ങളും മററു സാമഗ്രികളും യുദ്ധത്തിന്നുവേണ്ടി സംഭരിച്ചതു്. ഇംഗ്ലണ്ടിന്നും അമേരിക്കയ്ക്കും കൊടുത്ത ചരക്കുകൾക്കു് യാതൊരു പ്രതിഫലവും വാങ്ങുകയുണ്ടായില്ല. 'എല്ലാം സ്റ്റർലിങ്ങ് കടം' എന്നപേരിൽ കണക്കുപിടിക്കുകയാണു് ചെയ്തതു്. ഈ വ

കയിൽ ഇന്നും സുമാർ 1500കോടി ക. ബ്രിട്ടനിൽനിന്ന് ഇനിയും കിട്ടാനുണ്ട്.

ഈ നയത്തിൻെറ ഫലമായിട്ടാണ് മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഭയങ്കരമായ ഭക്ഷണക്ഷാമവും പട്ടിണിയും കൊടുമ്പിരിക്കൊള്ളാൻ തുടങ്ങിയത്. കരിഞ്ചന്തക്കാരും പൂഴ്ത്തിവെപ്പുകാരും ഈയവസരമുപയോഗിച്ചു പിടുപ്പതുപണമുണ്ടാക്കാനൊരുങ്ങി. അങ്ങിനെ ഭക്ഷണക്കുഴപ്പം നാൾക്കുനാൾ ദുസ്സഹമായിക്കൊണ്ടുവന്നു.

ഈ സ്ഥിതിക്ക് യുദ്ധം കഴിഞ്ഞതിന്നുശേഷവും യാതൊരു മാററവുമുണ്ടായിട്ടില്ല. കാഷികക്കുഴപ്പം അധികമധികം മൂർച്ഛിച്ചുവരികയാണ്.

## ദേശീയനേതൃത്വത്തിൻെറ നയം

ജന്മിസ്സമ്പ്രദായമവസാനിപ്പിക്കുമെന്നും കൃഷിക്കാരുടെ ജീവിതത്തോതുയത്തുമെന്നുംമററും കോൺഗ്രസ്സുനേതാക്കന്മാർ തിരഞ്ഞെടുപ്പുകാലത്ത് വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ അധികാരത്തിലെത്തിയതിന്നുശേഷം അത്തരം വാഗ്ദാനങ്ങളിലൊന്നുംതന്നെ നടപ്പിൽ വരുത്തുകയുണ്ടായില്ല. ഉല്പാദനം വദ്ധിപ്പിക്കണമെന്ന് അവർ കൂടെക്കൂടെ പറയുന്നുണ്ട്. പക്ഷേ ഇന്നും 9കോടി ഏക്ര തരിശായിക്കിടക്കുകയാണ്. ഇന്നും കൃഷിസ്ഥലങ്ങളുടെ 25ശതമാനത്തിന്നുമാത്രമെ ജലസേചനപദ്ധതികളുള്ളു. ഇന്നും ജന്മികളുടേയും, ജമീന്ദാർമാരുടേയും മട്ടനങ്ങൾ അനിയന്ത്രിതമായി തുടൻവരികയാ

ണ്. ഇതിൻെറയൊക്കെ ഫലമായി ഭക്ഷണക്കുഴപ്പം മൂൎദ്ധന്യദശയിലെത്താൻ തുടങ്ങിയിരിക്കുന്നു.

വാസ്തവത്തിൽ ജന്മിസ്സമ്പ്രദായം അവസാനിപ്പിച്ചാൽ മാത്രമെ, വൻകിടജന്മികളുടെ ഭൂമി പ്രതിഫലംകൂടാതെ പിടിച്ചെടുത്തു് കൃഷിക്കാൎക്കുനൽകിയാൽ മാത്രമേ, നമ്മുടെ കാൎഷികപ്രശ്നത്തിന്നൊരുപരിഹാരമുണ്ടാവുകയുള്ളു. കിഴക്കൻ യൂറോപ്പിലേയും വടക്കൻചൈനയിലേയും ജനാധിപത്യഗവൎമ്മേണ്ടുകൾ ഒന്നാമതായിച്ചെയ്തതു് വൻകിടജന്മികളുടെ സ്വത്തുക്കൾ പിടിച്ചടക്കി കൃഷിക്കാൎക്കിടയിൽ വിതരണം ചെയ്യുകയാണു്. ഇത്തരമൊരു നയം കൈക്കൊണ്ടതിനാൽ മാത്രമാണു് ഭക്ഷണക്കുഴപ്പം പരിഹരിക്കാനും വ്യവസായങ്ങളെ വളൎത്താനും അവൎക്കുസാധിക്കുന്നതു്.

ഇന്ത്യയിലെ ദേശീയനേതാക്കന്മാരാകട്ടെ, മുതലാളികൾക്കെന്നപോലെ ജന്മികൾക്കും അധികമധികം കീഴടങ്ങിക്കൊണ്ടു് വരികയാണു്. കരിഞ്ചന്തയും ജന്മിവ്യവസ്ഥയുമവസാനിപ്പിക്കുകയല്ല, പട്ടിണിയ്ക്കെതിരായി നിലത്തിന്നുവേണ്ടി പൊരുതുന്ന കൃഷിക്കാരെ മൎദ്ദിച്ചമൎത്തുവാനാണു് അവർ മുതിരുന്നതു്.

എന്നിട്ടും ജന്മിസ്സമ്പ്രദായമവസാനിപ്പിച്ചു് നിലം നേടാൻവേണ്ടി സമരം ചെയ്യുന്ന കൃഷിക്കാരുടെ പ്രസ്ഥാനം അനുദിനം ശക്തിപ്പെട്ടുവരികയാണു്. 1942-ൽ അഖിലേന്ത്യാ കിസാൻ സംഘത്തിൽ 225,781 മെമ്പർമാരാണുണ്ടായിരുന്നതു്. 1945 ആകുമ്പോഴേയ്ക്കും അതു് 829,686 ആയി വൎദ്ധിച്ചു. "പ്രതിഫലം കൊടുക്കാതെ ജന്മിസ്സമ്പ്രദായമവസാനിപ്പിക്കുക; നിലം അദ്ധ്വാനിക്കുന്ന കൃഷിക്കാൎക്കു നല്കുക—" ഇതാണവരുടെ മുദ്രാവാക്യം.

# 7 ഇന്ത്യാഗവൺമെണ്ടിൻെറ സാമ്പത്തികനയം

കരിഞ്ചന്തക്കാരെ തൂക്കിക്കൊല്ലുകയാണ് വേണ്ടതെന്ന് 1945-ൽ പണ്ഡിറ്റ് നെഹ്രു പ്രഖ്യാപിക്കുകയുണ്ടായി. അന്ന പക്ഷേ, പണ്ഡിറ്റ്ജി ഇന്ത്യയുടെ പ്രധാനമന്ത്രിയായിക്കഴിഞ്ഞിരുന്നില്ല.

വെള്ളക്കാരും, നാടന്മാരുമായ വൻകിട മുതലാളികൾ രാജ്യത്തിൻെറ സാമ്പത്തികവ്യവസ്ഥയെയാകെ താറുമാറാക്കിയിരിക്കുന്നുവെന്ന നെഹ്രു മനസ്സിലാക്കീട്ടുണ്ട്. അതുകൊണ്ടാണല്ലോ പ്രധാനമന്ത്രിയായതിന്നുശേഷവും അദ്ദേഹം ഇങ്ങിനെ പ്രഖ്യാപിച്ചതു്:

"കഴിഞ്ഞ യുദ്ധകാലത്തു് മുതലാളികളുടെ ഒരു വിഭാഗം മര്യാദയായിട്ടല്ല പെരുമാറിയതു്. വാസ്തവത്തിൽ, ഏററവും മോശമായ രീതിയിലാണവർ പ്രവർത്തിച്ചതു്. വമ്പിച്ചതും കനത്തതുമായ നികുതികളുണ്ടായിട്ടും ചില വ്യക്തികളും ചില വിഭാഗങ്ങളും വമ്പിച്ച സ്വത്തുക്കൾ സമ്പാദിച്ചിട്ടുണ്ടു്."

**പക്ഷേ, ചെയ്തതെന്തു്?**

ഈ ദുസ്ഥിതി പരിഹരിച്ചു് നാട്ടിൽ ക്ഷേമവും സമൃ

ദ്ധിയുമുണ്ടാക്കാൻ നെഹ്രുവും അദ്ദേഹത്തിന്റെ ഗവമ്മേണ്ടും എന്തെല്ലാണ് ചെയ്തത്? കൊള്ളലാഭക്കാരുടെ പിടിയിൽനിന്നു വ്യവസായങ്ങളെ ഏറ്റെടുത്ത് ദേശീയവൽക്കരിക്കുവാൻ വല്ല പരിപാടിയും കൊണ്ടുവരികയുണ്ടായോ? യുദ്ധമവസാനിച്ചതിന്നു ശേഷവും കൊള്ളലാഭം തട്ടിയെടുത്ത് നാട്ടുകാരെ പട്ടിണിക്കിട്ടുകൊല്ലുന്ന മുതലാളികളെ തൂക്കിലേറുന്നില്ലെങ്കിൽ വേണ്ട, അവരെ നിലയ്ക്കുനിർത്താനെങ്കിലും വല്ല നിർദ്ദേശവും കൊണ്ടുവന്നുവോ? വിലക്കയററത്തിന്റെ തോതനുസരിച്ച് നാട്ടുകാരുടെ വരുമാനം വദ്ധിപ്പിക്കുവാനോ വിലക്കയററത്തെ തടയുവാനോ എന്തെങ്കിലും ചെയ്തുവോ? ഇല്ല, ഒന്നും ചെയ്തിട്ടില്ല.

നേരെമറിച്ച്, നമ്മുടെ ദേശീയഗവമ്മേണ്ട് സ്ഥാപിതതാല്പര്യക്കാക്ക് അധികമധികം കീഴടങ്ങിക്കൊണ്ടു വരികയാണ്. നെഹ്രു വരെയുള്ള കേന്ദ്രമന്ത്രിമാരുടെ പ്രസംഗങ്ങൾ, ഷൺമുഖംചെട്ടിയുടെ ബഡ്ജററുപ്രസംഗം, കൺട്രോളെടുത്തുകളയണമെന്ന തീരുമാനം, ജന്മികൾക്കു പ്രതിഫലം കൊടുക്കാനുള്ള വെമ്പൽ എന്നിങ്ങിനെയുള്ള ഓരോ ദേശീയനയവും പരിശോധിച്ചാൽ ഇതു വ്യക്തമാവും. കൊള്ളലാഭക്കാരായ വൻകിട മുതലാളികളുടെ ഇഷ്ടത്തിന്നൊത്തുള്ളതുമാത്രമാണ് ദേശീയഗവമ്മേണ്ട് ഇതേവരെ ചെയ്തിട്ടുള്ളതെന്നു തെളിയിക്കാൻ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും എടുത്തുകാണിക്കാൻ കഴിയും.

**മുതലാളികൾ കല്പിക്കുന്നു; ഗവര്‍മ്മേണ്ടനുസരിക്കുന്നു**

1947 ജൂലായിമാസത്തിൽ തുണിമില്ലുടമകൾ ഗവര്‍മ്മേണ്ടിനോടു ചോദിച്ചു: "തുണിയുടെ ഉല്പാദനം കുറഞ്ഞുവെങ്കിൽ അതിലത്ഭുതപ്പെടാനെന്തുള്ളൂ? തുണിയുടെ ഉല്പാദനം വര്‍ദ്ധിക്കണമെങ്കിൽ മുതലാളികൾക്കു കൂടുതൽ ലാഭം കിട്ടണ്ടേ?" (ക്യാപിറാൽ, ജൂലായി 10)

ആഗസ്റ്റ് 26-ാംനു തൻെറ കമ്പനിയുടെ വാര്‍ഷികസമ്മേളനത്തിൽവെച്ച് മി. ജെ. ആർ. ഡി. ടാററ ഗവര്‍മ്മേണ്ടിന്നു താക്കീതു നല്കി, ഉരുക്കിൻെറ വില കൂട്ടാഞ്ഞാൽ ഉല്പാദനം വര്‍ദ്ധിക്കില്ലെന്ന്. കൂടുതൽ ലാഭം കിട്ടാൻവേണ്ടി താൻ അശാസ്ത്രീയമായ വഴികളുപയോഗിച്ചാണ് കല്ക്കരിയുണ്ടാക്കുന്നതെന്നും അതിൻെറ ഫലമായി കല്ക്കരിയുടെ ഉല്പാദനം കുറഞ്ഞിട്ടുണ്ടെന്നും മി. ടാററ ഗവര്‍മ്മേണ്ടു നിയമിച്ച കല്ക്കരിക്കമ്മിററിയുടെ മുമ്പാകെ തുറന്നു സമ്മതിക്കുകയുണ്ടായി.

കൂടുതൽ ലാഭം കിട്ടാൻവേണ്ടി ഉല്പാദനത്തെ കല്പിച്ചുകൂട്ടി വെട്ടിക്കുറയ്ക്കുകയാണ് മുതലാളികൾ ചെയ്യുന്നതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഉല്പാദനം കുറച്ചും, ഉണ്ടാക്കിയ ചരക്കുകൾ പൂഴ്ത്തിവെച്ചും, തൊഴിലാളികളെ പണിമുടക്കങ്ങളിലേയ്ക്കു പിടിച്ചുതള്ളിയും തങ്ങളുടെ എല്ലാ ആവശ്യങ്ങളും ഗവര്‍മ്മേണ്ടിനെക്കൊണ്ടു് അംഗീകരിപ്പിക്കാമെന്നാണ് അവർ വിശ്വസിക്കുന്നതു്.

എല്ലാത്തരം നിത്യോപയോഗസാമഗ്രികൾക്കും വല്ലരെയധികം ക്ഷാമം പിടിപെട്ടിട്ടുള്ള ഒരു സന്ദർഭത്തിൽ ഇത്തരം ജനദ്രോഹപരമായ ഗൂഢാലോചനകൾക്കൊരുങ്ങുന്ന മുതലാളികളുടെ നേരെ ഗവൺമെണ്ട് എന്തു നടപടിയാണെടുത്തതു്? കൊള്ളലാഭക്കാരുടെ സ്വത്തുക്കൾ ദേശീയമാക്കാൻ ഗവൺമെണ്ടൊരുങ്ങിയോ? ചരക്കുകളുടെ വില ഇനിയും വർദ്ധിച്ചാൽ നാട്ടുകാർക്ക് കൂടുതൽ വിഷമമാകുമെന്ന് ചൂണ്ടിക്കാണിക്കുകയെങ്കിലും ചെയ്തുവോ? ഇല്ല. നേരെമറിച്ച്, മുതലാളികൾക്കു കീഴടങ്ങുകയാണ് ഗവൺമെണ്ട് ചെയ്തതു്.

ആദ്യം കൽക്കരിയുടെ വില വർദ്ധിപ്പിച്ചുകൊടുത്തു. അതിനുശേഷം തുണിയുടെ വിലയും കൂട്ടിക്കൊടുത്തു!

ഡിസംബർ 5-ാംനു- ഇന്ത്യൻയൂനിയന്റെ പാർലിമെണ്ടിൽവെച്ച് വ്യവസായമന്ത്രി ഡോക്ടർ ശ്യാമപ്രസാദ് മുക്കർജ്ജി മുതലാളികൾക്കുവേണ്ടി കണ്ണീരൊഴുക്കിക്കൊണ്ടു പറഞ്ഞു:

"തുണിമുതലാളികളുടെ അറ്റാദായം 1943-ൽ 21കോടി ഉറുപ്പികയായിരുന്നതു് 1946-ൽ 9കോടി ക. യായി കുറഞ്ഞിരിക്കുന്നു."

ഈ കണക്ക് ശരിയല്ലെന്നും മുതലാളികൾക്ക് ഇതിനേക്കാൾ എത്രയോ അധികം ലാഭം കിട്ടിയിട്ടുണ്ടെന്നും ഒരു ഗാന്ധിയൻ തൊഴിലാളിനേതാവായ മി. കെ. ദേശായി താരിഫ് ബോർഡു് മുമ്പാകെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വാദത്തിന്നു് മുക്കർജ്ജിയുടെ കണക്കുകൾ ശരിതന്നെ എന്നു സമ്മതിക്കുക. എന്നാലും ഒരു കാര്യം തീർച്ചയാണ്:

1946-ലെ ലാഭം 1943-ലെ ലാഭത്തേക്കാൾ കുറവാണെങ്കിലും 1939-ലേതിനേക്കാൾ എത്രയോ ഇരട്ടി അധികമാണ്. ഈ യാഥാൎത്ഥ്യം മുതലാളികൾക്കുവേണ്ടി വക്കാലത്തു പിടിക്കുന്ന വ്യവസായമന്ത്രിമറച്ചുവെച്ചിരിക്കുന്നു.

## കൺട്രോൾ നീക്കുന്നതെന്തിന്?

വിലക്കയററത്തിൻെറ കാൎയ്യത്തിൽ ഗവൎമ്മെണ്ടു കീഴടങ്ങുന്നുവെന്നു കണ്ടപ്പോൾ മുതലാളികൾക്കു മൂച്ചു കൂടി. എല്ലാ കൺട്രോളും എടുത്തുകളയണമെന്ന് അവരാവശ്യപ്പെടാൻ തുടങ്ങി. ഗവൎമ്മെണ്ട് പറഞ്ഞു: തഥാസ്തു!

കൺട്രോൾ നിലനിൎത്തണമെന്നാണ് നാട്ടുകാരും, ജനകീയ സംഘടനകളും, പല അസംബ്ലിമെമ്പർമാരും, ഗവൎമ്മെണ്ടുതന്നെ നിയമിച്ച ഉൽപ്പാദനക്കമ്മിററിയും ആവശ്യപ്പെട്ടിട്ടുള്ളത്. എന്നിട്ടും കൺട്രോൾ നീക്കം ചെയ്യാൻ തീരുമാനിച്ചുകൊണ്ടു് ഡോക്ടർ മുക്കൎജ്ജി പറയുകയാണു: "ഉൽപ്പാദനക്കമ്മററിയുടെ പ്രമേയം മുതലാളികളിഷ്ടപ്പെടുന്നില്ല."

മുതലാളികൾ ചരക്കുകൾക്കു വില കയററണമെന്നാവശ്യപ്പെട്ടു. അതുകൊണ്ടു് വില വൎദ്ധിച്ചുകൊള്ളട്ടെ. ക കൺട്രോൾ മുതലാളികൾക്കിഷ്ടമില്ല. അതുകൊണ്ടിനി കൺട്രോളാവശ്യമില്ല!

കൺട്രോൾ നീക്കം ചെയ്യുകയെന്നുവെച്ചാൽ നിത്യോപയോഗസാധനങ്ങളുടെ വില വാണംപോലെ കയറുകയെന്നാൎത്ഥമാണ്. ചെറിയൊരുദാഹരണം പറയാം: 1947 നവമ്പർ 29-ാംനു- ബിർലയുടെ ഷുഗർമിൽസ് ഗവൎമ്മേ

ണ്ടിന്ന് പഞ്ചസാര വിററതു് മന്നിന്ന് 16½ക. യെന്ന തോതിലാണ്. കൺട്രോളെടുത്തുകളഞ്ഞതോടെ, ഒരൊററ ദിവസംകൊണ്ടു്, ബിർലാ ഷുഗർമിൽസ് മന്നിന്ന് 36ക. യായി പഞ്ചസാര വിൽക്കാൻ തുടങ്ങി. അതായതു്, ഒരൊററ ദിവസംകൊണ്ടു് പഞ്ചസാരയുടെ വില 225 ശതമാനം വദ്ധിച്ചു. ഇങ്ങിനെ ഓരോ സാധനത്തിൻേറയും വില വദ്ധിച്ചാൽ തൊഴിലാളികൾക്കുമാത്രമല്ല, എൻ. ജി. ഓ, അദ്ധ്യാപകൻ തുടങ്ങിയ ഇടത്തരക്കാക്കും കിട്ടുന്ന പണംകൊണ്ടു ജീവിക്കാൻ വയ്യാതാവും. വളരെക്കാലംകൊണ്ടു് സമരം ചെയ്തു നേടിയ അലവൻസും, ശമ്പളവും കുറയുകയെന്നതാണു് ഇതിൻെറ അത്ഥം. ഈ സ്ഥിതിയിൽ ആരെന്തു പറഞ്ഞാലും പണിമുടക്കങ്ങൾ പൊട്ടിപ്പുറപ്പെടാതിരിക്കില്ല.

അതിന്നും മുതലാളികൾക്കൊരു വഴിയുണ്ടു്: തൊഴിലാളിപ്രക്ഷോഭങ്ങളെ ബലം പ്രയോഗിച്ചമത്തുക!

### തൊഴിലാളികളുടെ നേരെ

തൊഴിലാളികളെ "ശക്തിയുള്ള കൈക്കൊണ്ടു ഭരിക്കണ"മെന്നു് ടാററയാവശ്യപ്പെട്ടു. വെള്ളമുതലാളികളുടെ മുഖപത്രമായ ക്യാപിററൽ എഴുതി: "പട്ടാളക്കാരെയെന്നപോലെ തൊഴിലാളികളേയും നിബ്ബന്ധിച്ചു് പ്രവൃത്തിയെടുപ്പിക്കാൻ ആവശ്യമായ നിയമനിമ്മാണം വേണം." (1947 സപ്തംബർ 11)

ഡിസമ്പർ 14-ാംനു ദൽഹിയിലെ വ്യവസായസമ്മേളനത്തിൽ ടാററാകമ്പനിയുടെ ഒരു പ്രമുഖക്രൂട്ടാളിയായ

സർ. ഏ. ദലാൽ താക്കീതു നല്കി: തൊഴിലാളികളെ ഭരിക്കാൻ "യുദ്ധകാലത്തുണ്ടായിരുന്നതുപോലത്തെ നിയമങ്ങൾ ഉടനെയുണ്ടാക്കണം. ഇല്ലെങ്കിൽ ഞങ്ങൾക്ക ഞങ്ങളുടെ കമ്പനികൾ പൂട്ടിയിടേണ്ടിവരും."

മുക്കേർജി മുതലാളികളുടെ വാദങ്ങളെ ഏററുപാടുന്നു:

"ഉല്പാദനം കുറഞ്ഞതിന്നുള്ള ഏററവും പ്രധാനമായ കാരണം തൊഴിലാളിപ്രക്ഷോഭമാണ്."

(ഹിന്ദു ഡിസമ്പർ 16)

തൊഴിലാളികൾക്ക ന്യായമായ കൂലിയും മററു ജീവിതസൌകര്യങ്ങളും നല്കുകയല്ല, ഉൽപ്പാദനവർദ്ധനവിൻെറ പേരിൽ പണിമുടക്കങ്ങളെ നിരോധിക്കാനൊരുങ്ങുകയാണ് ഗവമ്മേണ്ട് ചെയ്യുന്നത്. ദൽഹിയിൽ വെച്ചുകൂടിയ വ്യവസായസമ്മേളനം 3 കൊല്ലത്തേയ്ക്കു പണിമുടക്കങ്ങൾ പാടില്ലെന്ന പ്രമേയമാണ് പാസ്സാക്കിയത്. യഥാത്ഥകുററക്കാരെ രക്ഷിക്കുവാനും, ഇന്ത്യയെ നേരിട്ടിട്ടുള്ള ഉൽപ്പാദനക്കുഴപ്പത്തിൻെറ ഉത്തരവാദിത്വവും ഭാരവും തൊഴിലാളികളുടെ തലയിൽ വെച്ചുകെട്ടാനുമുള്ള ഒരു ശ്രമം മാത്രമാണിതെന്നു വ്യക്തമല്ലേ?

ചുരുക്കിപ്പറഞ്ഞാൽ, വൻകിടമുതലാളികളുടെ സ്ഥാപിത താല്പര്യങ്ങളെ വകവെച്ചുകൊടുക്കുകയും, നാട്ടുകാരുടെ അടിയന്തരാവശ്യങ്ങളൊന്നും വകവെച്ചു കൊടുക്കാതിരിക്കുകയും ചെയ്യുക എന്ന ഒരു നയമാണ് ഗവമ്മേണ്ട് തുടൎന്നുവരുന്നത്.

# 8. കോൺഗ്രസ്സിൻെറ സാമ്പത്തിക പരിപാടി

ഇന്ത്യയുടെ സാമ്പത്തികോന്നമനത്തിന്നാവശ്യമായ പരിപാടികൾ നിർദ്ദേശിക്കുന്നതിന്നായി അഖിലേന്ത്യാ കോൺഗ്രസ്സ്കമ്മിററി പണ്ഡിററ് നെഹറുവിൻെറ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിയമിച്ചിരുന്നു. ആ സാമ്പത്തികപരിപാടിക്കമ്മിററിയുടെ റിപ്പോട്ട് ഇക്കഴിഞ്ഞ ജനവരി അവസാനത്തിലാണ് പ്രസിദ്ധം ചെയ്യപ്പെട്ടതു്. "സേച്ഛാധിപത്യത്തെ ക്ഷണിച്ചുവരുത്തുന്ന. വർഗ്ഗസമരത്തെയോ ഹിംസാവിപ്ലവത്തെയോ ആശ്രയിക്കാതെ ഇന്ത്യയെ പ്രജായത്തസോഷ്യലിസമെന്ന ലക്ഷ്യത്തിൽ വേഗത്തിലും പക്ഷെ അനുക്രമമായും എത്തിക്കുവാനുള്ള ഒരു പരിപാടിയാണി"തെന്ന് 'മാതൃഭൂമി' ദിനപത്രം അഭിപ്രായപ്പെടുകയുണ്ടായി. മററു ദേശീയപത്രങ്ങളും റിപ്പോർട്ടിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ് ചെയ്തിട്ടുള്ളതു്. ദേശീയപത്രങ്ങളുടെ പ്രശംസയ്ക്കടിസ്ഥാനമായ ഈ 'സോഷ്യലിസം' എന്തുതരത്തിലുള്ളതാണെന്നറിയാൻ സാമ്പത്തികപരിപാടിക്കമ്മിററിയുടെ റിപ്പോർട്ടിനെത്തന്നെ ഒന്നു പരിശോധിക്കുന്നതു് നന്നായിരിക്കും.

## ചില വൈരുദ്ധ്യങ്ങൾ

"മനുഷ്യരുടെ അധ്വാനത്തേയും ഭൌതികവിഭവങ്ങളേയും പരിപൂൎണ്ണമായുപയോഗിച്ച് വേഗത്തിലും അനുക്രമമായും ജനങ്ങളുടെ ജീവിതനിലവാരമുയൎത്തുക"യാണ് പരിപാടിയുടെ പ്രധാനമായ ഉദ്ദേശമെന്നു പറയുന്നു. പക്ഷേ, അതേസമയത്തുതന്നെ തൊഴിലില്ലായ്മവേതനത്തെപ്പററിയും പറയുന്നുണ്ട്. എല്ലാ മനുഷ്യരുടേയും അധ്വാനത്തെ ഉപയോഗിക്കുമെങ്കിൽപ്പിന്നെ തൊഴിലില്ലായ്മവേതനത്തിന്റെ ആവശ്യമെന്താണ്? "നിലവിലുള്ള ആദായത്തെയും സ്വത്തുക്കളെയും നീതിപൂൎവ്വകമായി വിതരണം ചെയ്യുന്ന"മെന്നു പറയുന്നു. പക്ഷേ, ഈ ഉദ്ദേശം സാധിക്കണമെങ്കിൽ വിദേശികളുടെ സ്വത്തുക്കൾ പിടിച്ചെടുക്കുകയും, വൻകിടവ്യവസായങ്ങളെ ദേശീയവല്ക്കരിക്കുകയും ചെയ്യേണ്ടതാവശ്യമാണെന്ന് കമ്മിററി കാണുന്നില്ല. "വികേന്ദ്രീകരണത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു സാമ്പത്തികവ്യവസ്ഥവഴിയായി ജോലിക്കുള്ള സൌകൎയ്യങ്ങൾ അങ്ങേയററം വിപുലമാക്കണ"മെന്നും, "പ്രാദേശികമായ സ്വയംസംപൂൎണ്ണത"യുണ്ടാക്കണമെന്നും പറയുന്നു. പക്ഷേ, നിലവിലുള്ള വൻകിടവ്യവസായങ്ങളുടെ മുമ്പിൽ വികേന്ദ്രീകരണവും, സ്വയംസംപൂൎണ്ണതയും പ്രായോഗികമാക്കുന്നതെങ്ങിനെയാണ്? കുത്തകക്കമ്പനികളോടും കൂററൻവ്യവസായങ്ങളോടും മത്സരിച്ചുകൊണ്ട് ചെറുകിടവ്യവസായങ്ങളും, കുടിൽവ്യവസായങ്ങളും വളരുന്നതെങ്ങിനെയാണ്?

ഉദാഹരണത്തിന്ന്, ലിവർ ബ്രദേർസ് എന്ന സാർവ്വലൌകികക്കുത്തകക്കാരുടെ "ലക്സ്" തുടങ്ങിയ എണ്ണമററ സോപ്പുകൾ ചുരുങ്ങിയ വിലയ്ക്ക് എല്ലാ മാർക്കററുകളിലും നിറഞ്ഞുകിടക്കുമ്പോൾ "സ്വയം സംപൂർണ്ണത"യുടേയും, കുടിൽവ്യവസായത്തിൻേറയും അടിസ്ഥാനത്തിലുള്ള ചെറുകിട സോപ്പുനിർമ്മാണശാലകൾക്ക് എന്തൊന്നാണ് ചെയ്യാൻ കഴിയുക?

വ്യവസായവല്ക്കരണം നടപ്പിൽ വരുത്തുക, ഇന്ത്യയുടെ സാമ്പത്തികോന്നമനം കൈവരുത്തുക, ദേശീയവരുമാനം ഇത്രയിൽ ചുരുങ്ങാൻ പാടില്ലെന്നു നിജപ്പെടുത്തുക, ഗ്രാമങ്ങളും നഗരങ്ങളും തമ്മിലും ഇന്ത്യയുടെ വിവിധഭാഗങ്ങൾ തമ്മിലുമുള്ള ഇന്നത്തെ വലുതായ സാമ്പത്തികാന്തരത്തെ അവസാനിപ്പിച്ച് ഏറെക്കുറെ സമനിലയിലാക്കുക, തൊഴിലാളികളുടെ സ്ഥിതി നന്നാക്കുക മുതലായവയാണത്രേ പരിപാടിക്കമ്മിററിയുടെ ഉദ്ദേശങ്ങൾ. ഇരിക്കട്ടെ, ഈ ഉദ്ദേശങ്ങൾ സഫലമാക്കാനുള്ള വഴികളെന്തൊക്കെയാണ്? നല്ല ഉദ്ദേശങ്ങളുണ്ടെന്നു പറഞ്ഞതുകൊണ്ട് മാത്രമായില്ലല്ലോ. അവയെ നടപ്പിൽ വരുത്താനുതകുന്ന പരിപാടി കൂടിവേണ്ടേ?

## വിദേശീയമൂലധനത്തിൻെറ മുമ്പിൽ മുട്ടുകുത്തുന്നു

ബ്രിട്ടീഷുമൂലധനവും, ബ്രിട്ടീഷുമുതലാളികളുടെ ചൂഷണവുമാണ് ഇന്ത്യയുടെ സാമ്പത്തികാഭിവൃദ്ധിക്കുള്ള ഏററവും

വലിയ തടസ്സമെന്നു ദാദാഭായി നവറോജിയുടേയും രമേശചന്ദ്രദത്തിൻേറയും കാലംമുതല്ക്കേ പറയാൻ തുടങ്ങിയിട്ടുള്ളതാണ്. കോൺഗ്രസ്സ് അധികാരത്തിലെത്തുന്നതിന്നുമുമ്പ് പണ്ഡിററ് നെഹ്റുതന്നെയും ബ്രിട്ടീഷുകാരുടെ സ്ഥാപിതതാല്പര്യങ്ങളെ കഠിനമായി എതിർത്തിട്ടുണ്ടായിരുന്നു. എന്നാൽ, അതേ നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ "സ്വതന്ത്ര" ഭാരതത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി തയ്യാറാക്കിയ പരിപാടിയിൽ സർവ്വപ്രധാനമായ ഇക്കാര്യത്തെപ്പററി ഒരക്ഷരം പറയുന്നില്ല. ബ്രിട്ടീഷുമുതലാളികളുടെ ചൂഷണത്തെ എതിക്കുന്നില്ലെന്നു മാത്രമല്ല, "വിദേശീയമൂലധനത്തിന്നുള്ള സ്ഥാന"ത്തെപ്പററിയും, "സ്വതന്ത്രവും സ്വയംസംപൂർണ്ണവുമായ സാമ്പത്തികപുരോഗതിക്ക് അതെങ്ങിനെ സഹായകമായിത്തീരു"മെന്നതിനെപ്പററിയും ആലോചിക്കാൻ ഒരു പ്ലാനിങ്ങ് കമ്മീഷനെ ഏല്പിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ ഡിസമ്പർമാസത്തിൽ അസോസിയേററഡ് ചേംബർ ഓഫ് കമേർസിൻെറ കല്ക്കത്താസമ്മേളനത്തിൽവെച്ച് പണ്ഡിററ് നെഹ്റു ചെയ്ത പ്രസംഗത്തിൽ വിദേശങ്ങളിൽനിന്നു മൂലധനത്തേയും, വിദഗ്ദ്ധന്മാരേയും താൻ സ്വാഗതംചെയ്യുമെന്നു പ്രസ്താവിക്കുകയുണ്ടായി. ഇതു കാരണം ഇന്ത്യയുടെ സാമ്പത്തികസ്വാതന്ത്ര്യത്തിന്നു തകരാറൊന്നും പററില്ലെന്ന് അദ്ദേഹം നമ്മെ സമാശ്വസിപ്പിച്ചിട്ടുണ്ടെന്നതു ശരിയാണ്. പക്ഷേ, യാതൊരു നിബന്ധനയും കൂടാതെ ഇന്ത്യയിൽ മൂലധനം നിക്ഷേപിക്കാൻ ഏതു

വിദേശീയമുതലാളിയാണ് തയ്യാറാവുക? അമേരിക്കൻ അമ്പാസിഡറായ മി. ഗ്രേഡി വ്യക്തമായ ഭാഷയിൽ പറഞ്ഞതിതാണ്:

"എൻെറ രാജ്യത്തിലെ മുതലാളികൾക്കുവേണ്ടി എനിക്കു പറയാൻ കഴിയും, അനുകൂലമായ വ്യവസ്ഥകൾ കിട്ടുകയാണെങ്കിൽ ഈ രാജ്യത്തിന്ന്—എന്തിന്ന്, ഏതു രാജ്യത്തിന്നുവേണമെങ്കിലും—പണം കടംതരാൻ കഴിയുമെന്ന്. അമേരിക്കൻ മുതലാളികൾ എന്തു വ്യവസ്ഥയും സ്വീകരിക്കാനൊരുങ്ങുമെന്ന് ഇവിടെ ധരിച്ചുവെച്ചിട്ടുണ്ടെന്നുതോന്നുന്നു. അതു ശരിയല്ലെന്ന് ഞാനുറപ്പിച്ചു പറയുന്നു." (സ്റ്റേറ്റ്സ്മേൻ, ആഗസ്ത് 27)

അമേരിക്കയാവശ്യപ്പെടുന്ന "അനുകൂലവ്യവസ്ഥകൾ" എന്തൊക്കെയാണ്? ബിർലയുടെ ഒരു കൂട്ടുകാരനായ ഡോക്റ്റർ ബിധൻചന്ദ്രറോയി അമേരിക്കയിൽ ഏതാനും മാസം താമസിച്ചുമടങ്ങി വന്നതിന്നുശേഷം ഈസ്റ്റേൺചേംബർ ഓഫ് കമേർസിൻെറ സമ്മേളനത്തിൽവെച്ചു പറയുകയുണ്ടായി: "എൻെറ യാത്രയ്ക്കിടയിൽ മനസ്സിലാക്കാൻ കഴിഞ്ഞേടത്തോളം അമേരിക്ക പണംകൊണ്ടും ആളുകളെക്കൊണ്ടും നമ്മെ സഹായിക്കാനാഗ്രഹിക്കുന്നുണ്ട്. പക്ഷേ, ഇവിടെ മൂലധനമിറക്കുന്നതിന്നു സംരക്ഷണമുണ്ടായിരിക്കണമെന്ന് അവരാഗ്രഹിക്കുന്നു. ഈ "സംരക്ഷണം" ഇന്ത്യയിലും, പാക്കിസ്ഥാനിലുമുള്ള കുഴപ്പങ്ങളുമായി ഒരു തരത്തിലും ബന്ധപ്പെട്ടതല്ല. ഇതു് ഇന്ത്യയുടെ വ്യവസായനയവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ്. വ്യവസായനയമെന്നാൽ ദേ

ശീയവല്ക്കരണത്തെസ്സംബന്ധിച്ചും, തൊഴിലാളിമുതലാളി വഴക്കുകൾ സംബന്ധിച്ചും ഗവൎമ്മേണ്ടെടുക്കുന്ന നയംമെന്നാണർത്ഥം."

ഇതിൻെറ അർത്ഥം വ്യക്തമാണു്: പലിശ, ലാഭം മുതലായവയെപ്പററിയാലോചിക്കുന്നതിന്നു മുമ്പുതന്നെ വ്യവസായങ്ങളെ ദേശീയവല്ക്കരിക്കുകയില്ലെന്നും തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭങ്ങളെ അടിച്ചമർത്തി മുതലാളികളെ രക്ഷിക്കുമെന്നും ഇന്ത്യാഗവൎമ്മേണ്ട് അമേരിക്കയ്ക്കുറപ്പുകൊടുക്കണം! ഈ അടിസ്ഥാനത്തിൽ അമേരിക്കയും ഇന്ത്യയും തമ്മിൽ ഒരു സാമ്പത്തികസന്ധിയുണ്ടാക്കാൻ വേണ്ടിയുള്ള കൂടിയാലോചനകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് മി. ഗ്രേഡിതന്നെ കഴിഞ്ഞ ഡിസംബർ മാസത്തിൽ ബോമ്പേയിൽവെച്ചു വെളിപ്പെടുത്തുകയുമുണ്ടായി.

ഇന്ത്യയുടെ താല്പര്യങ്ങളെ വിദേശീയമുതലാളികളുടെ മുമ്പിൽ അടിയറ വെയ്ക്കുക എന്ന ഈ ആപല്ക്കരമായ നയത്തെ കോൺഗ്രസ്സിൻെറ സാമ്പത്തികപരിപാടിക്കമ്മിററി എതിൎക്കുന്നില്ല. നേരെമറിച്ചു്, "വിദേശീയമൂലധനം ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കു സഹായകമാകുന്നതെങ്ങിനെയെന്നാലോചിക്കാൻ" പ്ലാനിങ്ങ് കമ്മീഷനെ ഏല്പിക്കുകയാണു് ചെയ്യുന്നതു്. ഇതാണു് 'മാതൃഭൂമി'യുടെ 'പ്രജായത്ത സോഷ്യലിസം!'

## ദേശീയവല്ക്കരണത്തെ എതിൎക്കുന്നു!

ഇന്ത്യയുടെ വൈയവസായികജീവിതത്തെയാകെ നി

യന്ത്രിക്കുന്നതു് വിരലിന്മേലെണ്ണാവുന്ന ഒരുപിടി മാനേജിംഗ് ഏജൻസികളാണെന്നതു് സുപ്രസിദ്ധമാണല്ലോ. 1946-47-ലെ കണക്കുകൾ പ്രകാരം 21 മാനേജിംഗ് ഏജൻസികൾകൂടി ചുരുങ്ങിയതു് 934 സ്ഥാപനങ്ങളെയാണു് നിയന്ത്രിക്കുന്നതു്. ഈ കുത്തകാധികാരത്തെ നശിപ്പിക്കാനുള്ള യാതൊരു മാർഗ്ഗവും പണ്ഡിററ്ജിയുടെ പരിപാടിക്കമ്മിററി കാണുന്നില്ല. "കഴിയുന്ന വേഗത്തിൽ മാനേജിംഗ് ഏജൻസി സമ്പ്രദായം അവസാനിപ്പിക്കണ"മെന്നു് മാത്രമാണു് പറയുന്നതു്. 20 കൊല്ലങ്ങൾക്കു മുമ്പു് മുതലാളികളും ബ്രിട്ടീഷുദ്യോഗസ്ഥന്മാരുമടങ്ങിയ സെൻട്രൽബേങ്കിംഗ് കമ്മിററിപോലും ഇതിലും ശക്തിയുള്ള ഭാഷയിൽ മാനേജിംഗ്ഏജൻസി സമ്പ്രദായത്തെ വിമർശിച്ചിട്ടുണ്ടു്. വിമർശനം കുറേക്കൂടി സൌമ്യമാക്കിയെന്നല്ലാതെ ഈ ദുഷിച്ച വ്യവസ്ഥയെ ഉന്മൂലനം ചെയ്യാനുള്ള യാതൊരു പരിപാടിയും നെഹ്രുകമ്മിററി കൊണ്ടുവന്നിട്ടില്ല.

പണ്ഡിററ് നെഹ്രുവിൻെറതന്നെ നേതൃത്വത്തിൽ സ്ഥാപിതമായ നേഷനൽ പ്ലാനിങ്ങ്കമ്മിററി 10 കൊല്ലം മുമ്പു് പാസ്സാക്കിയ ഒരു പ്രമേയത്തിൽ മൌലികവ്യവസായങ്ങളെ ദേശീയവല്ക്കരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ദേശീയവല്ക്കരിക്കേണ്ട 18 തരം അടിസ്ഥാനവ്യവസായങ്ങളുടെ ഒരു ലിസ്ററും അവർ പ്രസിദ്ധം ചെയ്തിരുന്നു. ദേശീവല്ക്കരണത്തിൻെറ അടിസ്ഥാനത്തിൽ മാത്രമേ ഇന്ത്യയെ വൈയവസായികമായി അഭിവൃദ്ധിപ്പെട്ടു

ത്താൻ കഴിയൂ എന്നു് കെ. ടി. ഷായെപ്പോലുള്ള ധനശാസ്ത്രജ്ഞന്മാർ ഊന്നിപ്പറകയുണ്ടായിട്ടുണ്ടു്. എന്നിട്ടും ഈ ജനകീയനയത്തിൽനിന്നു പിന്മാറാനാണു് പണ്ഡിററു് നെഹ്രുവും അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള സാമ്പത്തിക പരിപാടിക്കമ്മിററിയും ഒരുങ്ങിയിട്ടുള്ളതു്.

"ഭാവിയിൽ സ്ഥാപിക്കാനിടയുള്ള മൌലികവ്യവസായങ്ങളും രാജ്യരക്ഷയ്ക്കുതകുന്ന വ്യവസായങ്ങളും പൊതുവുടമയിലായിരിക്കണ"മെന്നു കമ്മിററിക്കഭിപ്രായമുണ്ടെന്നതു ശരിതന്നെ. പക്ഷെ, "ഇതു സ്റ്റേററിൻെറ ശക്തിയും കഴിവുമനുസരിച്ചുമാത്രമായിരിക്കും" എന്നുകൂടി പറയുന്നുണ്ടു്. ഇതിൻെറ അൎത്ഥം ഭാവിയിൽ തുടങ്ങാനിടയുള്ള മൌലികവ്യവസായങ്ങൾ മുഴുവനും സ്റ്റേററിൻെറ കീഴിലായിരിക്കുകയില്ലെന്നാണു്.

ഭാവിയുടെ കാൎയ്യമിരിക്കട്ടെ. ഇന്നു നിലവിലുള്ള വ്യവസായങ്ങളെസ്സംബന്ധിച്ചു് എന്തുനയമാണു് പരിപാടിക്കമ്മററി കൈക്കൊണ്ടിട്ടുള്ളതു്? നിലവിലുള്ള വ്യവസായങ്ങളൊന്നുംതന്നെ അഞ്ചുകൊല്ലത്തേയ്ക്കു പൊതുഉടമയിൽ കൊണ്ടുവരുന്നതല്ലെന്നു കമ്മററി തീൎത്തുപറഞ്ഞിരിക്കുന്നു. "ഇന്നത്തെ അസാധാരണപരിതഃസ്ഥിതികളിൽ നിലനില്ക്കുന്ന അതിരു കവിഞ്ഞ ലാഭത്തോതു് വിലയിടിവിൻെറ ഫലമായി ആശാസ്യമായ ഒരു നിലവാരത്തിലേയ്ക്കു താണതിനുശേഷം മാത്രമേ ഈ വ്യവസായങ്ങളെ സ്റ്റേററു് ഏറെറടുക്കാവൂ" എന്നാണു് കമ്മിററി പറയുന്നതു്. വൻകിട വ്യവസായങ്ങൾക്കു് ഇപ്പോൾ അതിരു കവിഞ്ഞ ലാഭമുണ്ടാകുന്നുണ്ടെന്നു് കമ്മിററി സമ്മതിക്കുന്നു. പക്ഷേ, ആ കൊ

ള്ള ലാഭത്തെ തടയുവാനോ ലാഭത്തെ റവന്യൂകാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാനോ പാടില്ല! ഇന്നുതന്നെ പൊതുവുടമ നടപ്പിൽ വരുത്തുകയാണെങ്കിൽ മുതലാളികൾക്കു കിട്ടുന്ന ലാഭം ജനങ്ങൾക്കോ, സ്റ്റേററിന്നോ കിട്ടുമല്ലോ. അതു ശരിയല്ല! നല്ലലാഭം കിട്ടുന്നേടത്തോളംകാലം എല്ലാ വ്യവസായങ്ങളേയും മുതലാളികൾതന്നെ നടത്തിക്കൊള്ളട്ടെ. ഭാവിയിൽ സാമ്പത്തികക്കുഴപ്പത്തിൻെറ ഫലമായി ചരക്കുകളുടെ വിലയിടിയുകയും മുതലാളികൾക്കു ലാഭം കിട്ടാതാവുകയോ വ്യവസായങ്ങൾ നടത്താൻ കഴിയാതാവുകയോ ചെയ്യുകയും ചെയ്താൽ അപ്പോൾ സ്റ്റേററു് ആ വ്യവസായങ്ങളെ ഏറെറടുക്കും! ഇതാണു് നെഹ്രുവിൻെറ നേതൃത്വത്തിലുള്ള സാമ്പത്തികപരിപാടിക്കമ്മിററി ജനങ്ങളുടെ മുമ്പാകെ വെച്ചിട്ടുള്ള വിചിത്രമായ ദേശീയവല്ക്കരണപദ്ധതി!

## കൊള്ളലാഭക്കാരെ സഹായിക്കുന്നു

വൻകിടമുതലാളികളുടെ സ്ഥാപിതതാല്പര്യങ്ങളെ നിലനിത്താൻ മാത്രമല്ല, അവക്കു വമ്പിച്ചതോതിലുള്ള ലാഭമനുവദിക്കാനും കമ്മററിക്കു സങ്കോചമില്ല. വ്യവസായത്തിലിറക്കിയ മൂലധനവും റിസവ്വുംകൂടി ആകെയുള്ള മൂലധനത്തിൻെറ 5 ശതമാനംവരെ ലാഭം വിതരണം ചെയ്യാവുന്നതാണെന്നു് കമ്മിററി പറയുന്നു. 5 ശതമാനം സാരമില്ലെന്നു തോന്നും. പക്ഷേ, ഡിവിഡണ്ടുകണക്കാക്കുക വ്യവസായത്തിലിറക്കിയ മൂലധനത്തിൻെറ അടിസ്ഥാനത്തിലല്ല, മൂല

ധനവും റിസർവ്വ്ഫണ്ടും കൂടിയുള്ള തുകയുടെ അടിസ്ഥാനത്തിലാണെന്നു മനസ്സിലാക്കണം. അപ്പോൾ, വ്യവസായത്തിലിറക്കിയ മൂലധനത്തിൻെറമാത്രം അടിസ്ഥാനത്തിൽ കണക്കുകൂട്ടുമ്പോൾ ഡിവിഡണ്ടിൻെറ തോതു് 5 ശതമാനത്തേക്കാൾ എത്രയോ അധികമായിരിക്കും. ഇതിനെയാണു് "നീതിപൂർവ്വകമായ വിതരണം" എന്നു കമ്മിററി പറയുന്നതു്.

മുതലാളികൾക്കു് ഇത്രയധികം സൌജന്യങ്ങളനുവദിച്ചാൽപ്പിന്നെ തൊഴിലാളികൾക്കു് "വർക്കേർസ് കമ്മററി", "ലേബർ ബോർഡു്", "തൊഴിലില്ലായ്മവേതനം", "വാർദ്ധക്യ ഇൻഷൂറൻസ്" തുടങ്ങിയ കുറേ മധുരമുള്ള വാക്കുകൾ മാത്രമേ ബാക്കിയുണ്ടാവൂ എന്നു വന്നാൽ അതിലത്ഭുതപ്പെടാനില്ലല്ലോ. തൊഴിലാളികൾക്കു് "ഏററവും കുറഞ്ഞകൂലി" യെന്തായിരിക്കണമെന്നു നിശ്ചയിക്കുകയുള്ളു. "ജീവിക്കാനാവശ്യമായ കൂലി" കൊടുക്കുമെന്നു പറയുന്നില്ല.

ഈ വ്യവസ്ഥകൾ തൊഴിലാളികൾക്കു സ്വീകാര്യമാവില്ലെന്നും അവർ സമരത്തിന്നിറങ്ങുമെന്നും കമ്മിററിക്കറിയാം. അതുകൊണ്ടുതന്നെയാണു് ട്രേഡ്‌യൂനിയനവകാശങ്ങളെ അംഗീകരിക്കാതിരുന്നിട്ടുള്ളതും. മുതലാളികളുടെ മർദ്ദനം എത്രതന്നെ ദുസ്സഹമായിത്തീർന്നാലും തൊഴിലാളികൾ പണിമുടക്കാൻ പാടില്ല. "എല്ലാതർക്കങ്ങളും കൺസിലിയേഷൻ, ആർബിട്രേഷൻ, അഡ്ജൂഡിക്കേഷൻ എന്നിവവഴിയായിതീർക്കണം" എന്നാണു് കമ്മിററിയുടെ ശിപാർശി. തൊഴിലാളി പ്രക്ഷോഭങ്ങളെ തുരങ്കം വെയ്ക്കാൻ വേ

ണ്ടി കൊണ്ടുവന്നിട്ടുള്ള വാക്കുകളാണിവയെന്ന് ഏതു തൊഴിലാളിക്കാണറിഞ്ഞുകൂടാത്തതു്?

## ജന്മിസ്സമ്പ്രദായം അവസാനിപ്പിക്കുകയില്ല

ജന്മിസ്സമ്പ്രദായം അവസാനിപ്പിക്കണമെന്നും, അദ്ധ്വാനിക്കുന്ന കൃഷിക്കാൎക്ക് നിലം വിതിച്ചുകൊടുക്കണമെന്നുമുള്ള ആവശ്യം നമ്മുടെ ദേശീയപ്രസ്ഥാനത്തിൻെറയാകെ ആവശ്യമായിത്തീൎന്നിട്ടുണ്ടു്. പക്ഷെ, സൎവ്വപ്രധാനമായ ഈ ആവശ്യത്തെ നെഹറുകമ്മിററി അംഗീകരിക്കുന്നില്ല.

ജന്മികൾക്കു പ്രതിഫലം കൊടുക്കണമെന്ന ഒരു പ്രമേയമാണ് ജനപ്രതിനിധിസഭ പാസ്സാക്കിയതു്. അതിന്നെതിരായ ശിപാൎശികൾ നെഹറുകമ്മിററി കൊണ്ടുവന്നിട്ടില്ലെന്നതോ പോകട്ടെ, പ്രതിഫലം കൊടുത്തുകൊണ്ടെങ്കിലും ജന്മിസ്സമ്പ്രദായമവസാനിപ്പിക്കണമെന്നുപോലും കമ്മിററി പറയുന്നില്ല. "അദ്ധ്വാനിക്കുന്നവൻെറയും, സ്റ്റേററിൻെറയും ഇടയിലുള്ള എല്ലാ മദ്ധ്യവൎത്തികളേയും നീക്കം ചെയ്യുകയും തൽസ്ഥാനത്തു് ലാഭമുണ്ടാക്കാത്ത പരസ്പരസഹായസംഘത്തെപ്പോലുള്ള ഏജൻസികളെ പ്രതിഷ്ഠിക്കുകയും" ചെയ്യണമെന്നാണ് കമ്മിററിയുടെ അഭിപ്രായം. "നിലംപൊതുവിൽ (എന്നുവെച്ചാൽ എല്ലായിടത്തുമില്ല-കെ. ദാ.) അംഗീകരിക്കപ്പെട്ട കൃഷിക്കാരുടെ ഉടമസ്ഥതയിലായിരിക്കും" നിലമില്ലാത്ത കൃഷിക്കാർ എന്നെന്നും നിലമില്ലാത്തവരായിത്തന്നെയിരിക്കുമെന്നാണ് "നിലമുള്ളവരും ഇല്ലാത്തവരുമായ കൃഷിക്കാർ തമ്മിലുള്ള തൎക്കങ്ങൾ തീൎക്കാൻ മദ്ധ്യസ്ഥബോർഡുകളു"ണ്ടാക്കണമെന്ന നിൎദ്ദേശം വ്യക്തമാക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ നിലത്തിന്മേൽ ഇത്തിക്കണ്ണികളായി പ

ററിക്കൂടിയിട്ടുള്ള സ്ഥാപിതതാല്പര്യങ്ങളെ നശിപ്പിക്കുവാൻ കമ്മിററി ശിപാൎശിചെയ്യുന്നില്ല. മറെറാരുവിധം പറഞ്ഞാൽ നിലത്തിന്നുവേണ്ടി പ്രക്ഷോഭം കൂട്ടുന്ന കൃഷിക്കാൎക്കു യാതൊരു രക്ഷയുമുണ്ടാവില്ല.

**ചുരുക്കിപ്പറഞ്ഞാൽ**

അപ്പോൾ, നെഹ്റുകമ്മിററിയുടെ ശിപാൎശികളെ നമുക്കിങ്ങിനെ സംഗ്രഹിക്കാം.

1. ബ്രിട്ടീഷുമുതലാളികളുടെ ചൂഷണം നിൎബ്ബാധം തുടൎന്നുപോകും. ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയിൽ വിദേശീയ മുതലാളികൾക്കുള്ള സ്ഥാനം വൎദ്ധിച്ചുകൊണ്ടുവരും.

2. ഇന്ത്യക്കാരായ കുത്തകമുതലാളികളുടെ ചൂഷണവും, ലാഭക്കൊള്ളയും അവസാനിപ്പിക്കില്ല. ദേശീയവല്ക്കരണം നടപ്പിൽ വരുത്തുകയില്ല.

3. തൊഴിലാളിവൎഗ്ഗത്തിൻെറ ആത്മരക്ഷയ്ക്കാവശ്യമായ ട്രേഡ്യൂനിയൻ പ്രക്ഷോഭങ്ങളെപ്പോലും അംഗീകരിക്കുകയില്ല.

4. ജന്മിസ്സമ്പ്രദായം പുതിയ രൂപത്തിൽ തുടൎന്നുകൊണ്ടുപോകും. യഥാൎത്ഥ കൃഷിക്കാരന്നു നിലം കിട്ടുകയില്ല. അങ്ങിനെ കാൎഷികക്കുഴപ്പം വൎദ്ധിച്ചുകൊണ്ടുവരും.

വാസ്തവത്തിൽ, വരാൻ പോകുന്ന സാമ്പത്തികക്കുഴപ്പത്തിൽനിന്നു മുതലാളിവൎഗ്ഗത്തെ കാത്തുരക്ഷിക്കാനുള്ള വെമ്പലാണ് റിപ്പോൎട്ടിൽ ഉടനീളം പ്രതിഫലിച്ചുകാണുന്നതു്. ഈ പരിപാടികൊണ്ടു് നമ്മുടെ നാട്ടിനെ അഭിമുഖീകരിച്ചിട്ടുള്ള ഒരൊററ പ്രശ്നത്തെപ്പോലും പരിഹരിക്കാനാവില്ല.

# 9. സാമ്പത്തികാഭിവൃദ്ധിക്കുള്ള വഴി

സാമ്രാജ്യവാദികളുടേയും ജന്മിമുതലാളികളുടെയും ചൂഷണനയത്തിന്റെ അനിവാര്യഫലമായി ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥ ദിവസം ചെല്ലുംതോറും അധികമധികം താറുമാറായിക്കൊണ്ടു വരുന്നതെങ്ങിനെയെന്ന് കഴിഞ്ഞ അദ്ധ്യായങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കോൺഗ്രസ്സനേതാക്കന്മാർ അധികാരത്തിൽ വന്നതിന്നുശേഷവും ഭൂരിപക്ഷക്കാരായ നാട്ടുകാരുടെ സ്ഥിതി നന്നാവുകയല്ല, കൂടുതൽ മോശമാവുകയാണ് ചെയ്തിട്ടുള്ളത്. അരിയില്ല, തുണിയില്ല, വീടില്ല, നിലമില്ല; കയ്യിലരക്കാശില്ല, കടം തരാനാളുമില്ല—ഇങ്ങിനെ ദുഃഖമയവും ദുസ്സഹവുമായ ഒരന്തരീക്ഷത്തിലൂടെ ഭയാനകമായ ഒരു സാമ്പത്തികക്കുഴപ്പത്തിലേയ്ക്കാണ് നമ്മുടെരാജ്യം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. പാലും, തേനുമൊഴുകിയിരുന്നു എന്നു പറയപ്പെടുന്ന നമ്മുടെ നാട്ടിൽ ഇന്നു സാർവ്വത്രികമായ പട്ടിണിയും കഷ്ടപ്പാടുമാണ് നടമാടിക്കൊണ്ടിരിക്കുന്നത്.

യുദ്ധമവസാനിച്ചതോടുകൂടി രാജ്യത്തിലെ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ജോലിയില്ലാതായിക്കഴിഞ്ഞിരിക്കുന്നു. പട്ടാളക്കാർ, ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ, മിലിട്ടറി എക്കൌണ്ടൻറ്സ്, സിവിൽ സപ്ലൈസ് തുടങ്ങിയ

ഡിപ്പാർട്ടുമെണ്ടുകളിലെ ജോലിക്കാർ, ആയുധനിർമ്മാണശാലകളിലെ പ്രവൃത്തിക്കാർ, പലതരത്തിലുള്ള വ്യവസായശാലകളിൽ പണിയെടുക്കുന്നവർ—ഇങ്ങിനെ നാനാതുറകളിൽനിന്നുമായി ലക്ഷക്കണക്കിലുള്ള ജനങ്ങൾ തൊഴിലില്ലായ്മയിലേയ്ക്കു മുതലക്കൂപ്പുകുത്തിക്കഴിഞ്ഞു. ഇനിയുമെത്രയോ ജനങ്ങൾ പിരിച്ചുവിടലും കാത്തിരിക്കയാണ്.

പട്ടണങ്ങളിൽ തൊഴിലാളികളും ഇടത്തരക്കാരും വിലവർദ്ധനവിനോടെതിരിടാൻ കഴിയാതെ, നിത്യോപയോഗസാമഗ്രികൾ വാങ്ങാൻ വേണ്ട പണമില്ലാതെ, തകർന്നുകൊണ്ടിരിക്കുകയാണ്. ഉൾനാട്ടുകളിൽ നിലമില്ലാത്ത കൃഷിക്കാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കുടിൽവ്യവസായങ്ങളിലേപ്പെട്ട സാധുക്കളും ചെറുകിട കച്ചവടങ്ങളിലേപ്പെട്ട ഇടത്തരക്കാരും അധഃപതിച്ചുകൊണ്ടിരിക്കയാണ്

ഒരു ഭാഗത്ത് ഭൂരിപക്ഷക്കാരായ നാട്ടുകാർ ഇങ്ങിനെ നരകിക്കുമ്പോൾ മറുഭാഗത്ത് യുദ്ധകാലത്തെ സമ്പാദ്യം കൊണ്ടു മതിമറന്ന ഒരു പിടി കുബേരന്മാർ—വൻകിട മുതലാളികളും വ്യന്ദികളും- സുഖസമുദ്രത്തിലാറാടുന്നുമുണ്ട്. വരാൻപോകുന്ന സാമ്പത്തികക്കുഴപ്പത്തിൻെറ ഭാരത്തെ ജനസാമാന്യങ്ങളുടെ തലയിലേയ്ക്കു മാററാൻ അവർ പാടുപെട്ടുകൊണ്ടിരിക്കുകയാണ്. ഗവമ്മെണ്ടാകട്ടെ, അവരെ എല്ലാത്തരത്തിലും സഹായിക്കുകയും ചെയ്യുന്നു.

ഈ വിഷമഘട്ടത്തെ തരണംചെയ്യുവാൻ ഒരൊററവഴിയേ ഉള്ളൂ. ഇന്ത്യയുടെ യഥാർത്ഥമായ സാമ്പത്തികാഭി

വൃദ്ധി കാംക്ഷിക്കുന്ന എല്ലാവരും-തൊഴിലാളികളും, കൃഷിക്കാരും, ഇടത്തരക്കാരും, എല്ലാ ഇടതുപക്ഷപാർട്ടികളും യോജിച്ചുകൊണ്ട് താഴെ പറയുന്ന അടിയന്തരാവശ്യങ്ങൾക്ക വേണ്ടിയുള്ള പ്രക്ഷോഭം പതിന്മടങ്ങ് ശക്തിപ്പെടുത്തണം:

1. ബ്രിട്ടീഷുമുതലാളികളുടെ നിയന്ത്രണത്തിലുള്ള കമ്പനികളും, ബേങ്കുകളും, തോട്ടങ്ങളും, ഖനികളുമെല്ലാം പിടിച്ചെടുത്ത് ദേശീയസ്വത്താക്കി മാററുക.

2. മൌലികവ്യവസായങ്ങളേയും, വൻകിടവ്യവസായങ്ങളേയും ദേശീയവല്ക്കരിക്കുക. വ്യക്തികളുടെ നിയന്ത്രണത്തിലുള്ള വ്യവസായങ്ങളുടെ ലാഭം നിയന്ത്രിക്കുക.

3. തൊഴിലാളികൾക്ക ജീവിക്കാനാവിശ്യമായ കൂലിയും മററു ജീവിതസൌകര്യങ്ങളും ട്രേഡ്യൂനിയൻ അവകാശങ്ങളും നൽകുക.

4. പ്രതിഫലം കൂടാതെ ജന്മിസ്സമ്പ്രദായമവസാനിപ്പിച്ച്, നിലം അദ്ധ്വാനിക്കുന്ന കൃഷിക്കാൎക്ക കൊടുക്കുക.

5. വ്യവസായങ്ങളേയും, കൃഷിയേയും പരിഷ്കരിക്കുവാൻ ജനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള ഒരു സാമ്പത്തികപ്ലാൻനടപ്പിൽ വരുത്തുക.

6. ബ്രിട്ടീഷുകാൎക്കും, നാട്ടുരാജാക്കന്മാൎക്കും, കുത്തകമുതലാളികൾക്കും നമ്മുടെ ജനങ്ങളുടെ സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവുമായ ജീവിതത്തുറകളിൽ ഇന്നുള്ള മേ

ധാവിത്വം അവസാനിപ്പിച്ച്, തികച്ചും സ്വാതന്ത്ര്യവും, ജനാധിപത്യപരവുമായ ഒരു പുതിയ വ്യവസ്ഥ കെട്ടിപ്പടുക്കുക

ഇതുമാത്രമാണ് വരാൻപോകുന്ന സാമ്പത്തികക്കുഴപ്പത്തിൽനിന്ന് ഇന്ത്യയെ രക്ഷിക്കാനുള്ള വഴി. ഇതുമാത്രമാണ് ഇന്ത്യയുടെ സാമ്പത്തികഭാവി സുരക്ഷിതമാക്കാനുള്ള വഴി. ഇതുമാത്രമാണ് നാല്പതുകോടി ജനങ്ങളുടെ അഭിവൃദ്ധിക്കുള്ള വഴി.

PUBLIC LIBRARY TRIVANDRUM

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 330 *Acc. No.* 3054

This book should be returned on or before the date last stamped below.

13 JUL 1983
-5 SEP 1983
26 MAR 2008
8 APR 2012

M 330 3054

ഡാ വേങ്കൻ. റാമ.

ഇൻഡ്യയുടെ സാമ്പത്തിക
പ്രശ്നം.

KOTTAYAM PUBLIC LIBRARY

Call No. M൩൩൦ Acc. No. ൩൨൫൪

Author ദാമോദരൻ. കെ.

Title ഇന്ത്യയുടെ സാമ്പത്തിക പ്രശ്നം.